II അടിയന്തിരപ്രമേയം

(എ) ആർ.വൈ.എഫ്.-ന്റെ സെക്രട്ടേറിയറ്റ് മാർച്ചിനു നേരെ ഉണ്ടായ പോലീസ് അതിക്രമത്തിൽ എം.പി.യും എം.എൽ.എ.യും ഉൾപ്പെടെയുള്ളവർക്ക് പരിക്കേറ്റത് സംബന്ധിച്ച്

മി. സ്പീക്കർ: ആർ.വൈ.എഫ്.-ന്റെ നേതൃത്വത്തിൽ വെള്ളിയാഴ്ച സെക്രട്ടേറിയറ്റിലേക്ക് നടത്തിയ മാർച്ചിനുനേരെ യാതൊരു പ്രകോപനവും കൂടാതെ ലാത്തിച്ചാർജ്ജ് നടത്തുകയും മാർച്ചിനെ അഭിവാദ്യം ചെയ്യാനെത്തിയ ആർ.എസ്.പി. നിയമസഭാ കക്ഷി നേതാവ് ശ്രീ. എ. എ. അസീസ്, നിയമസഭാംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ, പാർലമെന്റ് അംഗം ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എന്നിവരെ പോലീസ് മർദ്ദിക്കുകയും വനിതുകൈ ഒടിഞ്ഞ് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം. പി.-യും കൈ ഒടിഞ്ഞ് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യും ഗുരുതരമായി പരിക്കുപറ്റിയ മറ്റ് 5 പേർ ഉൾപ്പടെ 30-ഓളം പേരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.എ. അസീസ്, എ.സി. ഷൺമുഖദാസ്, വി.സി. കബീർ, സി. കെ. നാണു, പി. സി. ജോർജ്ജ്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* റവല്യൂഷണറി യൂത്ത് ഫ്രണ്ടിന്റെ ആഭിമുഖ്യത്തിൽ സർവ്വശ്രീ എൻ. കെ. പ്രേമചന്ദ്രൻ എം. പി., കോവൂർ കുഞ്ഞുമോൻ എം.എൽ.എ. എന്നിവരുടെ നേതൃത്വത്തിൽ ഏകദേശം അഞ്ഞൂറോളം പേർ പങ്കെടുത്ത ഒരു പ്രകടനം 8-7-2005 ന് ഉച്ചയ്ക്ക് സെക്രട്ടേറിയറ്റിന് മുന്നിൽ എത്തി. ഗതാഗത തടസ്സം വരുത്തി റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിരുന്ന വാഹനങ്ങളെ അടിച്ചും കാലുകൊണ്ട് ചവിട്ടിയും മുദ്രാവാക്യം വിളിയോടുകൂടി എത്തിയ പ്രകടനക്കാർ ആദ്യം തന്നെ കൈവശമുണ്ടായിരുന്ന കൊടികൾകൊണ്ട് പോലീസിനെ അടിക്കുകയും കമ്പുകൾ പോലീസിനു നേരെ എറിയുകയും ചെയ്തു. അതിനുശേഷം കരിങ്കൽ കഷണങ്ങൾ, ചുടുകൽ കഷണങ്ങൾ എന്നിവ പോലീസിനുനേരെ എറിയാൻ തുടങ്ങി. അക്രമാസക്തരായ അവരോട് സമാധാനപരമായി പിരിഞ്ഞു പോകാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും പോലീസിന്റെ നിർദ്ദേശം വകവയ്ക്കാതെ പോലീസിന് നേരെ അക്രമം തുടർന്നും അഴിച്ചുവിട്ടു. പ്രകടനക്കാരെ, പോലീസ് സ്ഥലത്തെത്തിയ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം ലാത്തി വീശി വിരട്ടി ഓടിച്ചു. പ്രസ്തുത സംഭവത്തിൽ കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണർ, കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടർ, മറ്റ് രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഇങ്ങനെ നാല് പേർക്കും ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി.,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. എന്നിവർ ഉൾപ്പെടെ 39 പ്രകടനക്കാർക്കും പരിക്കുപറ്റി. പരിക്കുപറ്റിയ 24 പേരെ മെഡിക്കൽ കോളേജ് ആശുപത്രിയിലും 15 പേരെ ജനറൽ ആശുപത്രിയിലും പോലീസ് ആംബുലൻസിൽ ചികിൽസയ്ക്കായി എത്തിച്ചു. ഇന്ത്യൻ ശിക്ഷാനിയമം 143, 447, 148, 199, 283, 322, 120 (ബി) എന്നീ വകുപ്പുകൾപ്രകാരം ക്രൈം 215/05 നമ്പരായി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ., ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം. പി. എന്നിവരുൾപ്പെടെ കണ്ടാലറിയാവുന്ന അഞ്ഞൂറോളം പേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർചെയ്തു. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം. പി., ശ്രീ. കോവൂർ കുഞ്ഞുമോൻ എം. എൽ. എ. എന്നിവർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. പ്രതികളായിട്ടുള്ള 47 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി, കോടതി അവരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. ഈ സഭയിലെ അംഗമായ ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. പ്രേമചന്ദ്രൻ എം. പി. എന്നിവർക്കു പരിക്കുപറ്റിയതിൽ ഗവൺമെന്റിന് ഖേദമുണ്ട്. പക്ഷേ അക്രമാസക്തരായി പോലീസിനെ ആക്രമിക്കുകയും ക്രമസമാധാനം പാലിക്കാൻ സാധ്യമല്ലാത്ത ഒരു സാഹചര്യത്തിൽ അവിടെ സ്ഥലത്ത് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരമാണ് പോലീസിന് ഈ നടപടി സ്വീകരിക്കേണ്ടിവന്നത്. ഇതൊന്നും ചെയ്യുന്നത് സന്തോഷത്തോടുകൂടിയോ, താൽപ്പര്യത്തോടുകൂടിയോ അല്ല ..... (ബഹളം) ..... ജനകീയ സമരം അക്രമാസക്തമായി മാറിയാൽ അത് അനുവദിക്കുന്ന പ്രശ്നമില്ല.

ശ്രീ കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ സംസാരം കേട്ടപ്പോൾ അദ്ദേഹം കളവ് പറയുന്ന മിടുക്കനാണെന്ന് മനസ്സിലായി. അങ്ങ് ഇവിടെ പറയുന്ന കാര്യങ്ങൾ വസ്തുതാവിരുദ്ധമാണ്. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം ചെയ്തു എന്നാണ് പറഞ്ഞത്. മജിസട്രേറ്റിൽനിന്ന് എഴുതിവാങ്ങിയതാണ്. അങ്ങനെ ഒരാള് സ്ഥലത്ത് ഉണ്ടായിരുന്നില്ല. പലതവണ ആവർത്തിച്ച് ആവർത്തിച്ച് മുന്നറിയിപ്പ് കൊടുത്തു എന്നുപറഞ്ഞു. ഒരു മുന്നറിയിപ്പും കൊടുത്തിട്ടില്ല. സാധാരണഗതിയിൽ ലാത്തിച്ചാർജ്ജ് ചെയ്യാൻ സ്വീകരിക്കേണ്ടുന്ന ഒരു നടപടിയും സ്വീകരിക്കാതെയാണ് സെക്രട്ടേറിയറ്റ് പരിസരത്ത് ആർ.വൈ.എഫ്.-ന്റെ പ്രകടനക്കാരെ നേരിട്ടത്. അവർ ഉന്നയിച്ച ആവശ്യം സ്വാശ്രയ വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുക, തൊഴിലില്ലായ്മയ്ക്കെതിരായിട്ടുള്ള മുദ്രാവാക്യം; ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് 8-ാം തീയതി വെള്ളിയാഴ്ച രാവിലെ സെക്രട്ടേറിയറ്റിനടുത്തേക്ക് ആർ.വൈ.എഫ്.-ന്റെ പ്രവർത്തകർ മാർച്ചായിട്ട് വന്നത്. മൃഗീയമായ ലാത്തിച്ചാർജ്ജാണ് നടത്തിയത്. മാർച്ച് അഭിവാദ്യം ചെയ്യാൻ എത്തിയ ആർ.എസ്.പി. നിയമസഭാകക്ഷി നേതാവ് ശ്രീ. എ. എ. അസീസിനെ മൃഗീയമായി തല്ലി. അദ്ദേഹത്തിന്റെ കൈക്ക് പരിക്കേറ്റിട്ടുണ്ട്. ആശുപത്രിയിൽ കിടന്ന് തിരിച്ചു വന്നതാണ്. അദ്ദേഹത്തെ തല്ലുന്ന ഫോട്ടോയുണ്ട്. ബഹുമാനപ്പെട്ട ചെയർ അത് പരിശോധിക്കണം. നിയമസഭാംഗമായിട്ടുള്ള ശ്രീ. കോവൂർ കുഞ്ഞുമോൻ, പാർലമെന്റ് മെമ്പറായിട്ടുള്ള ശ്രീ. പ്രേമചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ ജനനേതാക്കളെ സെക്രട്ടേറിയറ്റിന് മുൻപിൽ വളഞ്ഞിട്ട് മർദ്ദിച്ചു. ശ്രീ. പ്രേമചന്ദ്രൻ എം. പി.-യുടെ കൈ ഒടിഞ്ഞിട്ടുണ്ട്. ശ്രീ. പ്രേമചന്ദ്രൻ ദീർഘകാലം ചികിൽസയിൽ കഴിഞ്ഞയാളാണ്. അദ്ദേഹത്തിനാണ് കൈ ഒടിയുകയും നെഞ്ചിൽ കാര്യമായ ക്ഷതം ഏൽക്കുകയും ചെയ്തിരിക്കുന്നത്. ശ്രീ. കോവൂർ കുഞ്ഞുമോന്റെ കഴുത്തിനും പുറത്തും തറയ്ക്കും ലാത്തിയടി ഏറ്റിരിക്കുകയാണ്. അയാളുടെ കൈ ഒടിഞ്ഞിരിക്കുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ സ്പീക്കർക്കെഴുതിയ കത്ത് അങ്ങ് വായിച്ചിട്ടുണ്ടാകും. ശ്രീ. കോവൂർ കുഞ്ഞുമോൻ പറയുകയാണ്; എം.എൽ.എ. ആണെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞപ്പോൾ 'ഇതുംകൂടി ഇരിക്കട്ടെ'യെന്ന് പറഞ്ഞ് ശ്രീ. കോവൂർ കുഞ്ഞുമോനെ ചവിട്ടി ഉരുട്ടി. സംസ്ഥാനത്ത് നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കവെയാണ് നമ്മുടെ ജനപ്രതിനിധികൾക്ക് ഈ അവസ്ഥ വന്നത്. എം.എൽ.എ. ആണെന്ന് പറഞ്ഞുവെങ്കിലും നിന്നെത്തന്നെയാണ് ഞങ്ങൾക്ക് വേണ്ടതെന്ന് ആക്രോശിച്ച് വാരിയെല്ല് ലക്ഷ്യമാക്കി തൊഴിച്ച് നിലത്ത് ഇടുകയായിരുന്നുവെന്നാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത്. ശ്രീ. പ്രേമചന്ദ്രൻ എം.പി. പറഞ്ഞു; തന്നെ തെറി വിളിച്ചശേഷം പോലീസ് മർദ്ദിച്ച് ഇടത് കൈ മുട്ടിൽ സാരമായ പരിക്കേറ്റിട്ടാണ് ആശുപത്രിയിൽ കഴിയുന്നത്. അന്ന് നടത്തിയ മർദ്ദനത്തിന് ഒരു ഉദ്ദേശം കൂടെ ഉണ്ടായിരുന്നു. നേതാക്കൻമാരെ ലക്ഷ്യമിട്ട് തല്ലുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നും സന്തോഷത്തോടെയല്ല ചെയ്യുന്നത് എന്നാണ് പറഞ്ഞത്. മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിർദ്ദേശപ്രകാരമാണ് എം.എൽ.എ. യെയും എം.പി.യെയും തല്ലിയത്. കന്റോൺമെന്റിൽ ഒരു പോലീസ് ഉദ്യോഗസ്ഥനുണ്ട്, മോഹനൻ. അയാൾ അറിയപ്പെടുന്നത് 'മോർച്ചറി മോഹനൻ' എന്നാണ്. അങ്ങനെയുള്ള മോഹനനെ എം. പി.-മാരെയും എം.എൽ.എ-മാരെയും തല്ലാൻ പ്രത്യേകം സിറ്റിയിൽ നിയമിച്ചിരിക്കുകയാണ്. മോഹനൻ അന്നു രാവിലെ മുഖ്യമന്ത്രിയെ സന്ദർശിച്ചിട്ടുണ്ട്. മുഖ്യന്ത്രിയുടെ നേരിട്ടുള്ള നിർദ്ദേശം വാങ്ങിയിട്ടാണ് രണ്ട് എം.എൽ.എ.-മാരെയും എം.പി.-മാരെയും തല്ലിയതെന്ന് ഞാൻ ആരോപിക്കുകയാണ്. ഇങ്ങനെയൊരു സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടായത് ആദ്യമായിട്ടാണ്. ലാത്തിച്ചാർജ്ജിൽ ഗുരുതരമായി പരിക്കേറ്റ പോൾ, രാജ്മോഹൻ, മനോജ്മോഹൻ, ലാലിച്ചൻ എന്നിങ്ങനെ അനവതോളം ആളുകളാണ് ആശുപത്രിയിൽ കഴിയുന്നത്. ശരീരത്തിന്റെ മുഴുവൻ ഭാഗത്തും അടിയാണ്. ഈ സമീപ കാലത്തൊന്നും ഇത്ര വലിയ അടിയുണ്ടായിട്ടില്ല. ഇവിടെയുണ്ടായ സംഭവത്തെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞത് ഗതാഗത തടസ്സമുണ്ടാക്കി എന്നാണ്. അവരുടെ കൈയിലുണ്ടായിരുന്ന ആയുധം കൊടിയായിരുന്നു. മറ്റൊരു ആയുധവും ഉണ്ടായിരുന്നില്ല. അവർക്ക് ഇപ്പോൾ കോടതി ജാമ്യം കൊടുത്തു. ജാമ്യം കിട്ടാവുന്ന വകുപ്പുകൾ ചാർജ്ജ് ചെയ്യാവുന്ന കുറ്റം മാത്രമേ അവർ ചെയ്തിട്ടുള്ളൂ. അങ്ങനെയുള്ള എം.പി.-മാരെയും എം.എൽ.എ.-മാരെയും എന്തിന് തല്ലി? അവർക്ക് കോടതി ജാമ്യം കൊടുത്തല്ലോ. അതിന്റെ അർത്ഥം ജാമ്യം കിട്ടാനിടയുള്ള കുറ്റം മാത്രമേ അവർ ചെയ്തിട്ടുള്ളൂ എന്നാണ്. ഇങ്ങനെ ചെയ്ത ആളുകളെ മർദ്ദിച്ച നിലപാടാണ് നിയമസഭയ്ക്ക് അറിയേണ്ടത്. അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ഗുരുതരമായ പരിക്കോടുകൂടി മെഡിക്കൽ കോളേജ് ആശുപത്രിയിലായി. അവിടെയുണ്ടായ ഒരു സംഭവം കൂടി പറയാം. സമരം ഉദ്ഘാടനം ചെയ്യാൻ നമ്മുടെ മുൻ മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണപിള്ള അവിടെ എത്തി. ശ്രീ. രാമകൃഷ്ണപിള്ളയെ പോലീസുകാർ തെറിവിളിച്ചു. രാമകൃഷ്ണപിള്ളയെ ഉദ്ഘാടനം ചെയ്യാൻ വിളിച്ചപ്പോൾ ചെയ്തത് എന്താണെന്ന് അറിയാമോ? പോലീസ് അദ്ദേഹത്തെ തള്ളി നിലത്തിട്ട് ഒരു ചവിട്ട് കൊടുത്തു. ഒരു മുൻ മന്ത്രിക്കുണ്ടായ അനുഭവമാണിത്. അപ്പുറത്തുള്ള നിങ്ങൾ മനസ്സിലാക്കണം, നിങ്ങളും നാളെ മുൻമന്ത്രിമാരാകും. ഈ പോലീസുകാർ ഇങ്ങനെ അടിച്ചു ശീലിച്ചാൽ ആ ശീലം അവർ മുൻമന്ത്രിമാരുടെ നേർക്ക് പ്രയോഗിക്കുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് അവിടെയിരിക്കുന്ന എല്ലാ ആളുകളും എല്ലാക്കാലത്തും മന്ത്രിമാർ ആയിരിക്കുമെന്ന് പ്രതീക്ഷിക്കരുത്. അവിടെയുണ്ടായ മറ്റൊരു സംഭവം പത്രപ്രവർത്തകരെ, മാധ്യമ പ്രവർത്തകരെ വളഞ്ഞിട്ട് തല്ലി. ദീപിക പത്രത്തിൽ പറയുന്നത്, മാധ്യമ പ്രവർത്തകരെ തിരിച്ചറിഞ്ഞിട്ടും മർദ്ദിച്ചു എന്നാണ്. അറിയാതെ അല്ല, മാധ്യമപ്രവർത്തകരാണെന്ന് അറിഞ്ഞുകൊണ്ട് മർദ്ദിച്ചു എന്നാണ് ദീപിക പത്രം പറയുന്നത്. മാർഷൽ-ദേശാഭിമാനി, ഗോപൻ -ചന്ദ്രിക, സജിത്‌ലാൽ-സിറാജ് പത്രം, അജിത് - ജീവൻ ടി. വി. ഇവർക്കൊക്കെ അടികിട്ടി. മാധ്യമപ്രവർത്തകരാണെന്ന് പറഞ്ഞിട്ടും അവരെപോലും വളഞ്ഞിട്ട് തല്ലുന്ന അവസ്ഥയിലേക്ക് പോലീസ് എത്തി എന്നു പറഞ്ഞാൽ ഇവിടെ ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചിരിക്കുകയാണ്. എം.എൽ.എ. മാരുടെ രക്തം കുടിക്കുന്ന, പത്ര പ്രവർത്തകരുടെ രക്തം കുടിക്കുന്ന ഒരു ഡ്രാക്കുളയായി കേരളത്തിലെ മുഖ്യമന്ത്രി അധഃപതിച്ചിരിക്കയാണ്. രക്തം കുടിയന്മാരുടെ മന്ത്രിസഭയാണ് സംസ്ഥാനം ഭരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പാർലമെന്റ് മെമ്പർമാർക്കും നിയമസഭാംഗങ്ങൾക്കുപോലും സ്വതന്ത്രമായി സമര കേന്ദ്രത്തിൽ പോകാൻ സാധിക്കാത്ത സ്ഥിതിയിലേക്ക് ഇന്ന് കേരളത്തിലെ സംഭവങ്ങൾ കൊണ്ടെത്തിയിരിക്കുന്നു. മുഖ്യമന്ത്രി തന്നെ ഇവർക്ക് നേരിട്ട് നിർദ്ദേശം കൊടുത്തു എന്നതിന്റെ തെളിവാണ് അദ്ദേഹം ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നത് ഇത് സന്തോഷത്തോടുകൂടിയല്ല എന്ന്. അതിന്റെ അർത്ഥം മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് പോലീസ് ചെയ്യുന്നത് എന്നാണ്. സന്തോഷത്തോടുകൂടിയല്ലാതെ അങ്ങ് കൊടുക്കുന്ന ഉത്തരവ് സന്തോഷത്തോടുകൂടി പോലീസുകാർ നടപ്പിലാക്കുകയാണ്. ഇതിന്റെ ഫലമായിട്ടാണ് കേരളത്തിൽ ഒരു പോലീസ് ഭീകരത ഉണ്ടായിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇന്നൊരു അപ്രഖ്യാപിത തടവറ സൃഷ്ടിച്ചിരിക്കയാണ്. ആയിരത്തോളം ആളുകൾ ഇപ്പോൾ ജയിലിലാണ്. വിദ്യാർത്ഥി പ്രവർത്തകർ എന്നുകണ്ടാൽ അടിച്ച് എല്ലൊടിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയാൽ കാണാം സിന്ധുജോയ് എന്നു പറയുന്ന കാര്യവട്ടം ക്യാമ്പസിൽ റിസർച്ച് ചെയ്യുന്ന വിദ്യാർത്ഥിനിയുടെ കാൽപ്പാദം ചിതറിക്കിടക്കുകയാണ്. ലോകോളേജിലെ നിമിത എന്നു പേരായ വിദ്യാർത്ഥിനിയുടെ കാൽ ഗ്രനേഡ് ആക്രമണത്തിൽ പരിക്കുപറ്റി നിലത്തുറപ്പിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ഞാൻ പോയി. അവിടെ രമ്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്ന വിദ്യാർത്ഥിനിയുടെ കാൽ ഒടിഞ്ഞുകിടക്കുകയാണ്. ഗ്രനേഡ് ആക്രമണമേറ്റ് നിരവധി വിദ്യാർത്ഥിനികൾ ഇപ്പോൾ ആശുപത്രിയിലാണ്. ഷാൻ എന്നു പേരായ കായംകുളംകാരൻ കാൽ ഓപ്പറേഷനു വിധേയനായി ആശുപത്രിയിൽ കിടക്കുകയാണ്. ജയിലിൽ ഇപ്പോൾ ആളുകളെ കുത്തി നിറച്ചിരിക്കയാണ്. 250 ആളുകൾക്ക് കിടക്കാൻ കഴിയുന്ന കോഴിക്കോട് ജയിലിൽ ഇന്നലെ ഞാൻ പോയി നോക്കിയപ്പോൾ 560 ആളുകളുണ്ട്. വിവിധ സെല്ലുകളിലായി ആളുകളെ നിർത്തിയിരിക്കയാണ്. അറസ്റ്റുചെയ്ത ആളുകളെ ജയിലിൽ കൊണ്ടുപോയി താമസിപ്പിച്ച് മനുഷ്യത്വരഹിതമായി പെരുമാറുകയാണ്. ജയിലിനകത്ത് അവർക്ക് സൗകര്യം കൊടുക്കാതെ പീഡിപ്പിക്കുന്നു. ഇവിടെ ആരെയും തല്ലാമെന്ന അവസ്ഥവന്നു. അതുണ്ടായത് എന്തുകൊണ്ടാണ്? ബഹുമാന്യനായ മുൻമന്ത്രി സഖാവ് ശ്രീ. ടി. ശിവദാസമേനോനെ നടുറോഡിലിട്ട് പോലീസ് തല്ലി. ഒമ്പത് കൊല്ലം മന്ത്രിയായിരുന്ന, 14 കൊല്ലം എം.എൽ.എ. ആയിരുന്ന ശ്രീ. ടി. ശിവദാസമേനോനെ പോലും തല്ലാൻ പോലീസിന് മടിയില്ലായിരുന്നു. പാർലമെന്റ് മെമ്പറായിരുന്ന ..... (ബഹളം) ..... (ബഹളം) ..... ശ്രീ. കൃഷ്ണദാസ്, അജയകുമാർ, അബ്ദുള്ളക്കുട്ടി, പി. കരുണാകരൻ, ടി. ഗോവിന്ദൻ എന്നിവരെയൊക്കെയും പോലീസ് തല്ലി. നമ്മുടെ എം.എൽ.എ. ശ്രീ. ഗോവിന്ദൻ മാസ്റ്ററെ പോലീസ് തല്ലി. ഇങ്ങനെയുള്ള കേരളത്തിൽ എം. പി. മാരെ തല്ലാം, മുൻ മന്ത്രിമാരെ തല്ലാം, എം.എൽ.എ.-മാരെ തല്ലാം എന്ന സ്ഥിതിവന്നു. സമര കേന്ദ്രത്തിൽ അഭിവാദ്യം ചെയ്യാൻ എത്തിച്ചേർന്ന എം. പി. ശ്രീ. എൻ. കെ. പ്രേമചന്ദ്രനെ തല്ലാൻ പോലീസിന് മടിയുണ്ടായില്ല. എം.എൽ.എ.-മാരായ ശ്രീ. കുഞ്ഞുമോനെയും ശ്രീ. അസീസിനെയും തല്ലാൻ പോലീസിന് യാതൊരു മടിയും ഉണ്ടായില്ല. കാരണം അവർക്ക് അറിയാം ഇവരെയൊക്കെ തല്ലിയാൽ ഇവിടെയൊരു പുക്കും സംഭവിക്കില്ല. ഇവിടെ മുന്ന് പ്രതിപക്ഷ ഭരണ കാലത്ത് എം.എൽ.എ.-മാർക്ക് മർദ്ദനമേറ്റപ്പോൾ അന്ന് ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണം നടത്തിയില്ലേ? ഇവിടെ സഖാവ് ടി. ശിവദാസമേനോനെ മർദ്ദിച്ചതിനെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്നുപറഞ്ഞപ്പോൾ നിരാകരിച്ച ഈ ഗവൺമെന്റിന്റെ നിലപാടാണ് സംസ്ഥാനത്ത് എം.എൽ.എ.-മാരെയും എം.പി.-മാരെയും റോഡിലിട്ട് തല്ലാൻ പോലീസുകാർക്ക് ധൈര്യം കൊടുത്തിരിക്കുന്നത്. അതുകൊണ്ട് എം.എൽ.എ.-മാരെയും എം.പി.-മാരെയും നടുറോഡിലിട്ട് തല്ലുന്ന ഈ പ്രവണത ഇനിയെങ്കിലും അവസാനിപ്പിക്കുമോ? ഈ സംസ്കാരം പോലീസ് ഇനിയെങ്കിലും അവസാനിപ്പിക്കുമോ? എല്ലാവരും എല്ലാക്കാലത്തും ഉത്തുംഗ സ്ഥാനങ്ങളിൽ ഇരിക്കുമെന്ന് കരുതരുത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നിരവധി സമരങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള ആളാണ്. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഒരു കെ.എസ്.യു.-ക്കാരനെ കല്ലെറിഞ്ഞപ്പോൾ കോട്ടയത്ത് പോലീസ്സ്റ്റേഷനകത്ത് കയറി സത്യാഗ്രഹമിരുന്ന ആളാണ്. അങ്ങനെയുള്ള സമരങ്ങൾ ഈ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. നിങ്ങൾ എല്ലാക്കാലത്തും കേരളം ഭരിക്കാമെന്നു കരുതിയാണ് പോലീസിനെ കയറൂരി വിടുന്നതെങ്കിൽ നിങ്ങൾക്ക് കേരളം മാറ്റി തരാൻ പോകുന്നില്ല. എം.എൽ.എ.-മാരെയും എം.പി.-മാരെയും തല്ലുന്ന

സംസ്കാരം നിങ്ങൾ അവസാനിപ്പിക്കുമോ? മാതൃകാപരമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമോ എന്നാണ് കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. അതുകൊണ്ട് ഈ സംഭവത്തിന് നേതൃത്വം കൊടുത്ത പോലീസ് ഉദ്യോഗസ്ഥൻ മോഹനനെ സസ്പെന്റ് ചെയ്യണം. ഈ പ്രശ്നത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. എം.പി.-മാരെയും എം.എൽ.എ.-മാരെയും തല്ലുന്ന അവസ്ഥ കേരളത്തിൽ ഇനിയെങ്കിലും അവസാനിപ്പിക്കണം. അതിന് സഹായകരമായ തീരുമാനം ഈ പ്രശ്നത്തിൽ കൈക്കൊള്ളണം. അതുകൊണ്ട് ഗൗരവതരമായ ഈ പ്രശ്നം, ജനപ്രതിനിധികൾക്ക് റോഡിൽ ഇറങ്ങാൻ കഴിയാത്ത കേരളത്തിന്റെ ഈ സാഹചര്യം ഗൗരവമായ സ്ഥിതിവിശേഷമായതുകൊണ്ട് ഈ പ്രശ്നത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ഈ സംഭവത്തിന് വിധേയനായ ബഹുമാന്യനായ എ.എ. അസീസ് ഈ സഭയിലുണ്ട്. അദ്ദേഹത്തിനുണ്ടായ സംഭവം സഭയ്ക്ക് കേൾക്കാൻ താൽപ്പര്യമുണ്ട്. അദ്ദേഹത്തിന് അവസരം കൊടുക്കണം. അതിന് നിയമസഭാ സമ്മേളനം നിർത്തിവച്ച് ഈ പ്രശ്നം സമഗ്രമായി ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

(ബി) വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. എ. അസീസ്: സർ, അത്യന്തം ഖേദകരമായ ഒരു സംഭവമാണ് ഉണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആരോ എഴുതിക്കൊടുത്തത് വായിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രി ഈ സഭയിൽ വായിച്ചത് വാസ്തവത്തിൽ പച്ചക്കള്ളമാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

മി. സ്പീക്കർ: അങ്ങേക്ക് പേഴ്സണൽ എക്സ്പ്ലനേഷൻ മാത്രമാണ് അനുവദിച്ചത്. വേറെ പ്രസംഗം പറ്റില്ല. അടിയന്തിരപ്രമേയത്തിൽ സംസാരിച്ചു കഴിഞ്ഞു.

ശ്രീ. എ. എ. അസീസ്: എന്നെ പോലീസ് ക്രൂരമായി മർദ്ദിച്ചു. സമരത്തെ അഭിവാദ്യം ചെയ്യാൻപോയ എന്നെ പോലീസ് ക്രൂരമായി മർദ്ദിച്ചതിന്റെ പാട് എന്റെ ശരീരത്തിലുണ്ട്. ആദ്യം എന്നെ അടിച്ചത് കൈക്കാണ്. രണ്ടാമത് തുടയ്ക്കാണ്. മുണ്ടുരിഞ്ഞ് കാണിക്കാൻ നിർവ്വാഹമില്ല. വേണമെങ്കിൽ മുഖ്യമന്ത്രിയെ പേഴ്സണലായി കാണിക്കാം. ഞാൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ആളാണ്. എന്നെ ചികിത്സിക്കുകയും എനിക്ക് ഇൻജക്ഷൻ എടുക്കുകയും എനിക്ക് ഒടിവില്ല എന്നു മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് റിമാന്റിൽ കഴിഞ്ഞ ആളുകളെ മോചിപ്പിക്കാനും അവർക്ക് പരിചരണം നൽകാനുമായി ഞാൻ പുറത്തുവന്നത്. മുഖ്യമന്ത്രി പറഞ്ഞത് പോലീസ് ഓഫീസർമാർക്ക് പരിക്കുപറ്റി എന്നാണ്.

മി. സ്പീക്കർ: ഈ വക ചർച്ചയില്ല. ഇതൊക്കെ അടിയന്തിരപ്രമേയ ചർച്ചയിൽ വന്നതാണ്. അങ്ങയുടെ പേഴ്സണൽ എക്സ്പ്ലനേഷൻ മാത്രമാണ് ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: ഏത് പോലീസ് ഓഫീസർക്കാണ് പരിക്കുപറ്റിയത്? ഒരു പോലീസ് ഓഫീസറുടെ പേര് പറയാമോ? ഒരു പോലീസ് ഓഫീസർക്കും പോറൽ പോലും ഏറ്റിട്ടില്ല. അങ്ങനെയൊരു സംഭവം ഉണ്ടായില്ല. അസിസ്റ്റന്റ് കമ്മീഷണറായ മോഹനൻ എന്നു പറയുന്ന ആളാണ് നിർദ്ദേശം കൊടുത്ത് എന്നെ മർദ്ദിപ്പിച്ചത്. ഞാൻ സമാധാനപരമായി അവിടെ കൂടിയ ആളുകളെ പിരിച്ചു വിടുന്ന സമയത്താണ് എന്നെ മർദ്ദിച്ചത്. എന്നെ വളഞ്ഞ് മർദ്ദിക്കുന്ന രംഗം പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങേക്ക് വ്യക്തിപരമായി പരിക്കുപറ്റി എന്ന് പറഞ്ഞപ്പോൾ നിയമസഭാംഗം എന്ന നിലയിൽ ചെയർ അംഗീകരിച്ചു. പ്രസംഗമൊന്നും വേണ്ട.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരമാണ് അവിടെ അക്രമാസക്തരായ പ്രകടനക്കാരെ പിരിച്ചുവിട്ടത് എന്ന് പറഞ്ഞപ്പോൾ അത് അസത്യമാണ്, വസ്തുതകൾക്ക് വിരുദ്ധമാണെന്നു പറഞ്ഞ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതു നിഷേധിച്ചു. പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് തിരുവനന്തപുരം എ. ഡി. എം. ശ്രീ. രാജശേഖരൻ നായർ പ്രകടനം തുടങ്ങുന്ന സമയത്തുതന്നെ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ വന്നു. പ്രകടനം സെക്രട്ടേറിയറ്റ് പടിക്കൽ എത്തുന്നതുവരെ അദ്ദേഹം ആ സൈറ്റിൽ തന്നെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുമതിയോടുകൂടിയാണ് ഈ പ്രകടനക്കാരെ പിരിച്ചുവിടുന്നതിനുള്ള നടപടി സ്വീകരിച്ചത്. ഞാൻ പറഞ്ഞല്ലോ എം.പി.-മാർക്കും, എം.എൽ.എ.-മാർക്കുമടക്കം പരിക്കുപറ്റിയ സംഭവത്തിൽ ഗവണ്മെന്റിന് ഖേദമുണ്ട്. പക്ഷേ, നിങ്ങൾ ഒന്നു ചിന്തിക്കണം, കഴിഞ്ഞ ദിവസങ്ങളിൽ നടന്ന സമരം, ഇത്രയും പോലീസുകാരെ കടന്നാക്രമിച്ചിട്ടുള്ള സമരം മുമ്പ് കേരളത്തിലുണ്ടായിട്ടുണ്ടോ? ..... (ബഹളം) ..... അതുകൊണ്ട് ഗവണ്മെന്റിന്റെ നയങ്ങൾക്കെതിരെ, നടപടികൾക്കെതിരെ സമരം ചെയ്യുമ്പോൾ ഈ നയങ്ങൾ രൂപീകരിക്കുന്നതിൽ ഒരു പങ്കുമില്ലാത്ത പോലീസിനെ നേരിട്ടാക്രമിക്കണോ? പണ്ടും ഇതുപോലുള്ള ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. പ്രകടനം വന്നു, ധർണ്ണ നടത്തി. ആ സമയത്തുണ്ടാകുന്ന ചില സംഭവങ്ങളെ തുടർന്ന് ചില നടപടികളുണ്ടായിട്ടുണ്ട്. ഇന്ന് വിഷ്വൽ മീഡിയ ഉള്ളതുകൊണ്ട് ആളുകൾക്കെല്ലാം കാണാം. വരുന്നതുതന്നെ ഏറോടുകൂടിയിട്ടാണ്. ചില സത്യങ്ങൾ എത്ര മറച്ചുവച്ചാലും മറച്ചുവയ്ക്കാൻ പറ്റുമോ? ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിലും ഞാൻ ഒന്നു പറയുകയാണ്. കഴിഞ്ഞ ദിവസം നാഷണൽ കോൺഗ്രസ് (ഇന്ദിര) യുടെ ആൾക്കാരെ മർദ്ദിച്ചതു സംബന്ധിച്ച് നിങ്ങൾ പറഞ്ഞു, ഇന്നലത്തെ കൈരളി ടി.വി.കണ്ടാൽ മതി. അവിടെയെന്താണ് നടന്നതെന്നുള്ളത് കാണാം. ഞാൻ കണ്ടില്ല. പക്ഷേ, എന്നെ വിളിച്ചു പലരും പറഞ്ഞു, കൈരളി പോലും ഇതു കൊടുത്തിരിക്കുന്നു എന്ന്. ഇന്നലത്തെ കൈരളിയിലെ സാക്ഷി എന്ന പരിപാടിയിൽ വന്നതാണ് വളരെ പ്രകടമായിട്ടുള്ള അക്രമം. പോലീസിനെതിരെ ഇത്രയും അക്രമം നടന്നിട്ടുള്ള സമരം മുമ്പുണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്, പോലീസിനെതിരെയുള്ള അക്രമം നിർത്തണം. ജനകീയ സമരം നടത്താൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. എന്തു സൗകര്യം വേണമെങ്കിലും ചെയ്തുതരാം.

GPM. 2/574/2012—27

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആരെ ആക്രമിച്ചിട്ടാണ് 2 എം.എൽ.എ.മാരെ തല്ലിയത്? അങ്ങ് പഴയ സംഭവം പറഞ്ഞ് പ്രശ്നത്തെ ട്വിസ്റ്റ് ചെയ്യരുത്?

ശ്രീ. ഉമ്മൻ ചാണ്ടി: അതു ഞാൻ പറയാം. അതുകൊണ്ട് ഇതൊന്ന് നിർത്തണം. പോലീസിനെ ആക്രമിച്ച് ഇവിടെ ഒരു ഭരണസ്തംഭനം ഉണ്ടാക്കാമെന്ന് ആഗ്രഹിച്ചാൽ അത് നടക്കാൻ പോകുന്നില്ലായെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. .....(ബഹളം) ..... 150-ൽ പരം പോലീസുകാർക്കാണ് പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുന്നത്. ..... (ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പോലീസുകാർക്ക് പരിക്കുപറ്റിയതും, അതിനെതിരെ കേസെടുക്കുകയും ചെയ്തല്ലോ? നിയമപരമായിട്ട് അത് നമുക്ക് കൈകാര്യം ചെയ്യാം. പക്ഷേ, എം.എൽ.എ.-മാരെയും, എം.പി.-മാരെയും തല്ലുന്നതിന് എന്തു ന്യായീകരണമാണ് ഉള്ളത്. ഈ സംസ്കാരം നിങ്ങൾ നിർത്താൻ തയ്യാറുണ്ടോ? ആ പോലീസ് ഉദ്യോഗസ്ഥനുമേൽ നടപടി എടുക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് ശ്രീ. ശിവദാസമേനോനെ ആക്രമിച്ചതിനെതിരെ ..... (ബഹളം) ..... അന്വേഷണം നടത്താൻ ഗവണ്മെന്റ് തയ്യാറായില്ല എന്നു പറഞ്ഞു. ശ്രീ. ശിവദാസമേനോനെതിരെയുണ്ടായ സംഭവത്തെക്കുറിച്ച് അന്വേഷിക്കാമെന്ന് ശ്രീ. എ.കെ. ആന്റണി ഈ സഭയിൽ ഉറപ്പുതന്നു. അതുസംബന്ധിച്ചുള്ള അന്വേഷണത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വന്നത് ഞാൻ മുഖ്യമന്ത്രിയായി സ്ഥാനമേറ്റെടുത്തതിനുശേഷമാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വിളിച്ചു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു ശ്രീ. ശിവദാസമേനോനെ തല്ലിയതിന് മാത്രമായിട്ട് ഒരു അന്വേഷണത്തോട് ഞങ്ങൾക്ക് സഹകരിക്കാൻ പറ്റില്ല. ആ സംഭവത്തിൽ മുഴുവൻ കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കുകയാണെങ്കിൽ മാത്രമേ ഒരു അന്വേഷണം പറ്റൂ എന്നു പറഞ്ഞതിന്റെയടിസ്ഥാനത്തിൽ .....(ബഹളം).....ആണ് ഞങ്ങൾ ആ അന്വേഷണം മാറ്റിവച്ചത്. ശ്രീ. എ.കെ. ആന്റണി ഈ സഭയിൽ നൽകിയ ഉറപ്പ് ഏതു സമയത്തും പാലിക്കാൻ ഗവണ്മെന്റ് തയ്യാറാണ്. ആ അന്വേഷണത്തോട് സഹകരിക്കും എന്നു പറഞ്ഞാൽ മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പാലക്കാട്ടുണ്ടായ സംഭവത്തിന്മേലാണ് ശ്രീ. ശിവദാസമേനോനെ തല്ലിയത്. ആ സംഭവം അന്വേഷിക്കണം. ശ്രീ. ശിവദാസമേനോനെ മർദ്ദിച്ച സംഭവം ഉൾപ്പെടെ അന്വേഷിക്കണം. നിങ്ങൾ പറഞ്ഞത് ശ്രീ. ശിവദാസമേനോനെ മർദ്ദിച്ചതുമാത്രം അന്വേഷിക്കാമെന്നാണ്. അതുപറ്റില്ല, അതുകൊണ്ട് ആണ് ആ സംഭവം അന്വേഷിക്കണമെന്ന് പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: അതുതന്നെയാണ് ഞാനും പറഞ്ഞത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഈ സഭയ്ക്കു നൽകിയ ഉറപ്പ് ശ്രീ. ശിവദാസമേനോനെ ആക്രമിച്ച കാര്യം അന്വേഷിക്കുമെന്നാണ്. അതനുസരിച്ചുള്ള ഫയൽ വന്നു. ആ സമയത്ത് ഞാൻ ചാർജെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയുടെ പരിഗണനയിൽ മാസങ്ങളോളം ആ ഫയൽ കിടന്നു; അവസാനം 2 വട്ടം സംസാരിച്ചു ഞങ്ങൾ ഒരുവിധത്തിലും സഹകരിക്കില്ല; സഹകരിക്കില്ലായെന്നു പറഞ്ഞാൽ എല്ലാംകൂടെ കൂടിയിട്ടുള്ള അന്വേഷണം ആണെങ്കിലെ ഞങ്ങൾ സഹകരിക്കുകയുള്ളൂ ഇതു മാത്രമായിട്ട് പറ്റില്ലായെന്ന്. ..... (ബഹളം) ..... അതല്ലാതെ ഞങ്ങൾ പറഞ്ഞ ഒരു ഉറപ്പ് പാലിക്കാതെയോ, അതിൽനിന്ന് പിന്നോട്ട് മാറിയതോ അല്ല. എം.എൽ.എ.മാരെയും, എം. പി. മാരെയും മാത്രമല്ല, ഒരു പൊതുപ്രവർത്തകനെയും തല്ലുന്നതിനോട് ഈ ഗവണ്മെന്റിന് യോജിപ്പില്ല. പക്ഷെ നിയമവാഴ്ച വെല്ലുവിളിച്ചുകൊണ്ട് അക്രമങ്ങൾ നടത്തി പൊതുമുതൽ നശിപ്പിച്ച് പോലീസിനെ അക്രമിച്ചാൽ നിങ്ങളോട് ചോദിക്കുകയാണ് എന്തു ചെയ്യണം? ഈ വെളളിയാഴ്ച സെക്രട്ടേറിയറ്റിന്റെ പടിക്കൽ ഈ പ്രകടനക്കാർ വരുന്ന സമയത്ത് അവർ ആദ്യം കൊടിപിടിച്ച കമ്പുകൾ കൊണ്ടാണ് പോലീസിനെ എറിഞ്ഞത്, പിന്നെ കല്ലുകൊണ്ടുള്ള ഏറായി. അങ്ങനെ അക്രമാസക്തരായി നിയന്ത്രണത്തിന് അതീതമായ സമയത്താണ് ഏറ്റവും മിനിമം ബലപ്രയോഗം നടന്നത്. ആ തിക്കിലും തിരക്കിലും പെട്ട് അവിടെ ജനപ്രതിനിധികൾക്ക് പരിക്കുപറ്റിയതിൽ ഗവണ്മെന്റിന് ഖേദമുണ്ട് ..... (ബഹളം) ..... ഞാനതു വ്യക്തമാക്കി. .....(ബഹളം) ..... അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് നടത്തിയ അക്രമത്തിൽ ജനപ്രതിനിധികൾക്ക് പരിക്കു പറ്റിയതിൽ ഖേദം ഉണ്ടെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. പക്ഷേ, അത് പോലീസ് പ്രകോപനം സൃഷ്ടിച്ചതല്ല. ഇവരെ നയിച്ചുകൊണ്ടുവന്ന പ്രകടനക്കാർ തുടക്കം മുതൽ പ്രകോപനം സൃഷ്ടിച്ച് അവിടെ കല്ല് എറിഞ്ഞ് 4 പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്കുപറ്റിയിട്ടുണ്ട്. പോലീസ് അവിടെ അങ്ങേയറ്റത്തെ ആത്മസംയമനം പാലിച്ചുകൊണ്ട്, മിനിമം ബലപ്രയോഗം നടത്തിയാണ് അവരെ പിരിച്ചുവിട്ടത്. എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത് കേരളത്തിൽ ഏതെങ്കിലുമൊരു സമരത്തെയോ, ഏതെങ്കിലും ഒരു പ്രസ്ഥാനത്തേയൊ അടിച്ചൊതുക്കാൻ സാധിക്കുമോ? ഇതാർക്കാണ് അറിഞ്ഞുകൂടാത്തത്? ഇത് യാഥാർത്ഥ്യമല്ലേ? പക്ഷേ, ക്രമസമാധാനം പാലിക്കാൻ, നിയമവാഴ്ച പാലിക്കാൻ ആവശ്യമായിട്ടുള്ള ആ അതിർവരമ്പ് ഒരിഞ്ചുപോലും മറികടക്കാൻ സമ്മതിക്കില്ല. ഇവിടെ സൈര്യമായ ജീവിതം ഉറപ്പുവരുത്താൻ, ക്രമസമാധാനം പാലിക്കാൻ, നിയമവാഴ്ച ഉറപ്പുവരുത്താൻ ഇത് വേണ്ടിവരും; ആ രേഖയ്ക്ക് ഒരിഞ്ചുപോലും മുൻപോട്ടുകടക്കാൻ പോലീസിനെ അനുവദിക്കില്ല. ആ രേഖയിൽനിന്ന് ഒരിഞ്ചുപോലും പുറകോട്ടുപോകാൻ പാടില്ല എന്ന നിർദ്ദേശവും കൊടുക്കേണ്ടിവന്നു. ഇത് ആര് ഗവൺമെന്റിൽ ഇരുന്നാലും ചെയ്യുന്ന കാര്യമാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ജനങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻ സമരം ചെയ്യാം; പക്ഷേ, പൊതുമുതൽ നശിപ്പിച്ചും അക്രമം കാണിച്ചും പോലീസിനെ ആക്രമിച്ചുകൊണ്ടുമുള്ള സമരപരിപാടികൾ അവസാനിപ്പിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

10 AM]

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* മിനിഞ്ഞാന്ന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുൻപിൽ വളരെ സമാധാനപരമായി ആർ.വൈ.എഫ്.-ന്റെ നേതൃത്വത്തിൽ അഖിലേന്ത്യാ പ്രസിഡന്റും സംസ്ഥാന നേതാക്കൻമാരും ചേർന്ന് സ്വാശ്രയ കോളേജുകളിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്നതിനെതിരെയും കുട്ടികളെ റോഡിലിട്ട് നിർദ്ദയം മർദ്ദിക്കുന്നതിന്, ഇടിച്ച് അവശരാക്കുന്നതിന്, അവരുടെ കാലിൽ ഗ്രനേഡ് എറിയുന്നതിന്, പെൺകുട്ടികളെപ്പോലും ആക്രമിക്കുന്നതിന് എതിരായി പ്രതിഷേധിക്കാൻ ഒരു യുവജനപ്രസ്ഥാനം ജനാധിപത്യപരമായി വേറെങ്ങും പോകാതെ സെക്രട്ടേറിയറ്റിനുമുൻപിൽതന്നെ പ്രകടനം നടത്താനാണ് മുമ്പോട്ട് വന്നത്. മുഖ്യമന്ത്രി കൂടെക്കൂടെ പറയുന്നുണ്ട്, മർദ്ദിച്ചതിൽ, ആക്രമിച്ചതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട് എന്ന്. ഈ കള്ളക്കരച്ചിൽ ഇത്രകാലമായിട്ടും മുഖ്യമന്ത്രി യാതൊരു ലജ്ജയും കൂടാതെ നടത്തുകയാണ്. ജനാധിപത്യപരമായി പ്രസ്ഥാനങ്ങൾക്ക് പ്രകടനം നടത്താനും ഗവൺമെന്റിന്റെ ദുർനയങ്ങളെ, തെറ്റായ നയങ്ങളെ ചോദ്യം ചെയ്യുന്നതിനും അവകാശമുണ്ടെന്നു പറയുകയും അത്യന്തം നീചമായ നിലയിൽ ക്രൂരമായ മർദ്ദനങ്ങൾ അഴിച്ചുവിടുകയുമല്ലേ ചെയ്യുന്നത്? എം.എൽ.എ.-യാണ്, പാർലമെന്റംഗമാണ് എന്നുപറയുമ്പോഴും ഹീനമായി മർദ്ദിക്കാനിടയായതിൽ നിങ്ങൾ പശ്ചാത്തപിക്കുന്നില്ല എന്നുമാത്രമല്ല അത്തരം കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കാൻ നിങ്ങൾ സന്നദ്ധമാകുന്നുമില്ല. പോലീസിനെതിരെ ആക്രമണം നടത്തിയതിന്റെ കഥ പറയുന്ന നിങ്ങൾ വിദ്യാർത്ഥി സമരങ്ങളെ തുടർന്ന് ആക്രമണത്തിന് വിധേയരായിട്ടുള്ള പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും അവശസ്ഥിതിയെപ്പറ്റി ഒരക്ഷരം പറയുന്നില്ല. ഞാൻ മെഡിക്കൽ കോളേജിൽ പോയി ശ്രീ. കോവൂർ കുഞ്ഞുമോനെയും ശ്രീ. പ്രേമചന്ദ്രനെയും നേരിട്ടുകണ്ടതാണ്. അതിശക്തമായി ശിരസ്സിലടിക്കാൻ ലാത്തി ഓങ്ങിയപ്പോൾ കൈ കൊണ്ട് തടഞ്ഞു. ആ കൈയാണ് ഒടിഞ്ഞു കിടക്കുന്നത്. മുതുകുവശത്തും നെഞ്ചിലും എല്ലാം ഞാൻ നോക്കി. ചോരപ്പാടുകൾ അവിടെയെല്ലാം കാണാം ഒരു എം. പി., കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി എം. പി. മാരുടെ യോഗം വിളിക്കുമ്പോൾ അതെല്ലാം സഹിഷ്ണുതയോടെയും ശാന്തമായും കേട്ട് കേരളത്തിന്റെ കാര്യങ്ങൾക്കുവേണ്ടി അവിടെ ന്യായമായ നിലയിൽ ശബ്ദിക്കുന്ന നമ്മുടെ പാർലമെന്റംഗം, ഇത്തരത്തിൽ ഒരു ആക്രമണത്തിന് വിധേയമായി ആശുപത്രിയിൽ കഴിയുന്നു എന്നറിഞ്ഞ് ഒരു നോക്കുകാണാൻ പോലുമുള്ള മനോഭാവം നിങ്ങൾ കാട്ടിയിട്ടുണ്ടോ? ശ്രീ. ഉമ്മൻ ചാണ്ടി. ദുഃഖം, ദുഃഖം ഈ കപട ദുഃഖം ആരെ വിശ്വസിപ്പിക്കാനാണ്. മർദ്ദകവീരൻ ദുഃഖിക്കുന്നു. ആർക്കുവേണ്ടി? *** ഞാൻ ചോദിക്കുകയാണ്. ഈ പാവപ്പെട്ട നമ്മുടെ ..... (ബഹളം) ..... ഈ പാവപ്പെട്ട നമ്മുടെ രാഷ്ട്രീയ പ്രവർത്തകരായിട്ടുള്ള ആളുകളെ ഇത്ര നിന്ദ്യമായി, നീചമായി മർദ്ദിക്കുന്നതിൽ ..... (ബഹളം) ..... ഞാൻ പറഞ്ഞതിൽ ശക്തിയായ പ്രതിഷേധമുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു. ഞാൻ പറയുന്നത് ഇത്ര നീചമായ നിലയിൽ നമ്മുടെ

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു. [Vide File No. 454/EB/05 dated 23-7-2005]

പൊതുപ്രവർത്തകരെയും എം.പി.-മാരെയും എം.എൽ.എ.-മാരെയും ആക്രമിച്ചത് സംബന്ധിച്ച് കുറ്റവാളികളായ പോലീസ് ഓഫീസർമാർക്കെതിരെ കർശനമായ നടപടി എടുക്കാൻ, അവരെ സസ്പെന്റ് ചെയ്തുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്നത് സംബന്ധിച്ച് മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞില്ല. അതേ സംബന്ധിച്ച് അദ്ദേഹം മറുപടി പറയണം. അതുപോലെ തന്നെ അതു സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിയേ മതിയാകൂ. അങ്ങനെ നടത്താൻ ഗവൺമെന്റ് സന്നദ്ധമാകില്ല എന്നാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. ഈ കപട നാടകം അവസാനിപ്പിക്കണം. ..... (ബഹളം) .....

മി. സ്പീക്കർ: Please take your seat, ശ്രീ. സുപാൽ, ശ്രീ. രാജു എബ്രഹാം ആദ്യം ചെയറിനെ ബഹുമാനിക്കാൻ പഠിക്കുക. നമ്മുടെ ചർച്ചകൾ ഫലപ്രദമാകണമെങ്കിൽ പറയാനുള്ള കാര്യങ്ങൾ പരസ്പരം പറയണം. കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ ഓരോരുത്തരും മാന്യത അനുസരിച്ച് മറ്റുള്ളവരെ വേദനിപ്പിക്കാത്ത വിധം സംസാരിക്കേണ്ടത് അവരവരുടെ ചുമതലയാണ്. ഇത്രമാത്രം ഞാൻ ഓർമ്മിപ്പിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും, ഉണ്ടായിട്ടുള്ള അത്യന്തം ഗൗരവതരമായിട്ടുള്ള തെറ്റ് ചെറിയ നിലയിലെങ്കിലും പരിഹരിക്കാൻ സന്നദ്ധതയുണ്ടെങ്കിൽ ഉടനടി ചെയ്യേണ്ടത് അതിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ജുഡീഷ്യൽ എൻക്വയറിക്ക് സന്നദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയെന്നുള്ളതാണ്. നിങ്ങൾ സ്വാശ്രയ കോളേജ് ഫീസിനെ സംബന്ധിച്ച് പ്രഖ്യാപിച്ചത് എന്താണ്, സ്വാശ്രയ കോളേജ് അനുവദിച്ചപ്പോൾ പ്രഖ്യാപിച്ചത് എന്താണ്? രണ്ടു സ്വാശ്രയകോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നല്ലേ?

മി. സ്പീക്കർ: നിങ്ങൾ കാര്യകാരണങ്ങളെക്കുറിച്ചു സംസാരിക്കൂ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ആയിരക്കണക്കിന് കുട്ടികൾ അടിവാങ്ങി; എന്തിന്? ഇവർ പ്രഖ്യാപിച്ചിട്ടുള്ള പ്രഖ്യാപനം നടപ്പാക്കാനുള്ള നട്ടെല്ല് സ്വകാര്യ മാനേജ്മെന്റിനുമുൻപിൽ കാണിച്ചിട്ടുണ്ടോ? സെക്രട്ടേറിയറ്റിനുമുൻപിൽ എത്രപ്രാവശ്യമാണ് കുട്ടികൾ അടിയും തൊഴിയും കൊണ്ട് സമരം ചെയ്യേണ്ടിവന്നത്? ഇപ്പോൾ മൂന്നാം പ്രാവശ്യവും ലാത്തിച്ചാർജ്ജും അടിയും തൊഴിയും ബയണറ്റു ചാർജ്ജും ചെയ്തതിനുശേഷമാണ് രണ്ടു സ്വാശ്രയകോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ളത് ഗവൺമെന്റ് മേഖലയിലുള്ളതിനെങ്കിലും നടപ്പിലാക്കാൻ ബോധം തെളിഞ്ഞത്. സർ, ആയിരക്കണക്കിന് കുട്ടികളുടെ ചോര ചിന്തിയശേഷം, ബയണറ്റ് ചാർജ്ജിന് വിധേയമായശേഷമല്ലേ നിങ്ങൾക്ക് ബോധം തെളിഞ്ഞത്? .....(ബഹളം) ..... ഈ നാട്ടിലെ ദശലക്ഷക്കണക്കായ ജനങ്ങളുടെ, അവരുടെ ഓമന പൈതങ്ങളുടെ അവകാശത്തെ സംബന്ധിച്ച് വാചാലമായി പ്രഖ്യാപനങ്ങൾ നടത്തുമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അതൊന്നും ഈ ഗവൺമെന്റ് തെല്ലും നടപ്പിലാക്കുന്നവരല്ല. അതൊന്നും ഇവർ നടപ്പിലാക്കുകയില്ല എന്നതിന്റെ തെളിവല്ലേ കഴിഞ്ഞ മൂന്നു പ്രാവശ്യമായി കേരളം കണ്ടത്. സമരത്തെ അവഹേളിക്കുന്ന, ശാന്തമായ നിലയിൽ നടത്തുന്ന ഒരു പ്രതിഷേധ പ്രകടനത്തെപ്പോലും അതിനെ നയിക്കുന്നത് പാർലമെന്റ് - അസംബ്ലി മെമ്പർമാരാണെങ്കിൽപ്പോലും അത്യന്തം നീചമായി മർദ്ദിക്കുന്ന സമ്പ്രദായം, അതു ശരിയല്ലെന്ന ബോധം ഈ ഗവൺമെന്റിന് ഉണ്ടാകുന്നില്ല. ഈ ഗവണ്മെന്റ് ആ തരത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് കുറേയെങ്കിലും ജനാധിപത്യപരമായിട്ടുള്ള മനോഭാവം പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു എന്നൊരു അഭിപ്രായഗതി ഈ നാട്ടിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ റിക്വസ്റ്റ് ഗവൺമെന്റിന്റെ മുമ്പിൽ വച്ചത്. അതുപോലും അംഗീകരിക്കാൻ മുഖ്യമന്ത്രി തയ്യാറാകാത്ത സാഹചര്യത്തിൽ ഈ ഗവൺമെന്റിന്റെ അതിനീചമായ പ്രവൃത്തിയെ, എം.എൽ.എ.-മാരേയും എം.പി.-മാരേയും തല്ലുന്ന, ശാന്തമായി, സമാധാനപരമായി ഒരു പ്രതിഷേധപ്രകടനംപോലും അനുവദിക്കാത്ത ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്ന അവസരത്തിൽ അതിനോട് യാതൊരുതരത്തിലും സഹകരിക്കാൻ കഴിയുന്നില്ല. അതിനോടുള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്താൻ വേണ്ടി ഞങ്ങൾ സഭയിൽ നിന്ന് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറോട് ഒരഭ്യർത്ഥനയുണ്ട്. വെള്ളിയാഴ്ച 12.45-ന് സംഭവമുണ്ടായിട്ട് ഈ നിമിഷം വരെ ശ്രീ. കോവൂർ കുഞ്ഞുമോനേയും ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി.-യേയും ശ്രീ. എ. എ. അസീസിനേയും സന്ദർശിക്കാൻ, (ശ്രീ. അസീസ് ആശുപത്രിയിൽ നിന്ന് പോന്നു) ബഹുമാനപ്പെട്ട മുഖ്യമന്ത്രി അൽപ്പസമയം നീക്കിവച്ചില്ല. ഈ സഭയിലെ അംഗങ്ങളായ, പ്രതിപക്ഷനേതാക്കളിലൊരാളായ ശ്രീ. എ. എ. അസീസും, സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ, ശാരീരികമായി വളരെ ശോഷിച്ച കുഞ്ഞുമോനേയും ബൂട്ട്സിട്ട് ചവിട്ടി മാരകമായി പരിക്കേൽപ്പിച്ചിട്ട് അവരെ ഒന്നു പോയി കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചില്ല. അക്കാര്യം ഞാൻ വേദനയോടുകൂടിപറയുകയാണ്.....(ബഹളം).....പോലീസുദ്യോഗസ്ഥന്മാർ എഴുതിത്തരുന്നത് പറയാതെ ശ്രീ. കുഞ്ഞുമോനേയും ശ്രീ. പ്രേമചന്ദ്രനേയും ശ്രീ. അസീസിനേയും പോയി കണ്ട് കാര്യങ്ങൾ തിരക്കിയിരുന്നുവെങ്കിൽ അങ്ങ് ഈ തരത്തിൽ മറുപടി പറയുകയില്ലായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, അങ്ങ് ശ്രീ. കുഞ്ഞുമോനേയും ശ്രീ. പ്രേമചന്ദ്രൻ എം.പി.യേയും പോയി കാണണം. കാര്യങ്ങൾ ചോദിച്ചറിയണം. നിയമസഭ വെള്ളിയാഴ്ച 12.30-ന് പിരിഞ്ഞ്, ഞങ്ങൾ എം.എൽ.എ. ക്വാർട്ടേഴ്സിൽ ചെന്ന് അൽപ്പസമയം കഴിയുമ്പോഴാണ് ഈ വാർത്ത അറിയുന്നത്. ഞങ്ങളിൽ ഉണ്ടായിരുന്ന മിക്കവാറും എല്ലാ എം.എൽ.എ-മാരും അങ്ങോട്ടു പോയി. ആ സമയത്ത് മെഡിക്കൽകോളേജാശുപത്രിയിൽ കണ്ട കാഴ്ച; ആലപ്പുഴ, പത്തനംതിട്ട, കൊല്ലം തുടങ്ങിയ ജില്ലകളിലെയൊക്കെയുള്ള ആർ.വൈ.എഫ്. പ്രവർത്തകരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവരെല്ലാം അടി കിട്ടി മാരകമായി പരിക്കേറ്റ് കിടക്കുകയാണ്. നേതാക്കൾ മാത്രമല്ല, പതിനെട്ടും ഇരുപതും വയസ്സുള്ള ചെറുപ്പക്കാരായ, യുവജന സഖാക്കൾ ഭീകരമായ മർദ്ദനമേറ്റാണ് ആശുപത്രിയിൽ കിടന്നത്. ശ്രീ. അസീസ് ഇവിടെ പേഴ്സണൽ എക്സ്പ്ളനേഷൻ നടത്തി. ശ്രീ. അസീസിന്റെ കാൽ ഞങ്ങൾ കണ്ടു. സഭയിൽ കാണിക്കാൻ പറ്റില്ലായെന്ന് പറഞ്ഞു. കാലിൽ ലാത്തി കൊണ്ടുള്ള അടിയാണ് കൊണ്ടത്. ശ്രീ. പ്രേമചന്ദ്രന്റെ കയ്യിൽ വലിയ പരിക്കാണ് പറ്റിയത്. കയ്യൊടിഞ്ഞു. ശ്രീ. പ്രേമചന്ദ്രന്റെ തലയ്ക്ക് ലാത്തി കൊണ്ടടിക്കുകയാണ്. നിയമപരമായ കാര്യങ്ങൾ അങ്ങേക്കറിയാമല്ലോ? തലയ്ക്കടിക്കാൻ പോലീസുദ്യോഗസ്ഥന്മാർക്ക് എന്താണ് അധികാരം? പോലീസ് ആക്ടിൽ അതിനുള്ള നടപടികൾ ഇല്ലേ? പാർലമെന്റ് മെമ്പറായാലും എം.എൽ.എ ആയാലും ആരായാലും ആദ്യത്തെ അടി തലയ്ക്കാണ്. ഷോൾഡറിന് താഴെയോ അല്ലെങ്കിൽ മുട്ടിന് താഴെയോ അല്ലേ ലാത്തിച്ചാർജ്ജിൽ അടിക്കേണ്ടത്? തലയ്ക്ക് അടി വന്നപ്പോൾ ശ്രീ. പ്രേമചന്ദ്രൻ കൈ കൊണ്ട് തടഞ്ഞു. അതുകൊണ്ട് ദേഹമാസകലം അടിയേറ്റു. ഇതുപോലുള്ള സംഭവങ്ങളുണ്ടായാൽ അതൊന്ന് അന്വേഷിക്കണം. അതൊക്കെ അന്വേഷിച്ച് പോലീസ് ഉദ്യോഗസ്ഥന്മാർ റിപ്പോർട്ട് വരുത്തിയിട്ടുണ്ടെങ്കിൽ, റിപ്പോർട്ട് വരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിച്ചാൽ ഇത് പിന്നീട് തുടരുമോ? അതിനുപകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷിയോഗത്തിൽ ആവർത്തിച്ചു, സഭയിലും ആവർത്തിച്ചു പറഞ്ഞത് ഞാൻ പോലീസുകാരെ മുഴുവൻ അഭിനന്ദിക്കുന്നു എന്നാണ്. നിങ്ങളുടെ ഓരോ അഭിനന്ദനം കഴിയുമ്പോഴും പുറത്ത് പോലീസിന്റെ നേതൃത്വത്തിലുള്ള ക്രൂരമായ മർദ്ദനം വ്യാപകമാകുകയാണ്. മറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറയണം, ഈ തരത്തിൽ അതിക്രമം കാണിക്കുന്ന പോലീസുദ്യോഗസ്ഥരുടെ പേരിൽ ഞങ്ങൾ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞാൽ അടി നിൽക്കുകയില്ലേ? മറിച്ച് ഏതു വകുപ്പനുസരിച്ചാണ് കേസ് എടുത്തിരിക്കുന്നത്? വൈകിട്ട് എല്ലാവർക്കും ജാമ്യം കൊടുത്തു. ഞങ്ങളൊക്കെ മുമ്പ് നടത്തിയ സമരവുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്യുന്ന വകുപ്പ് 307 ആണ്. ജാമ്യം ഇല്ല. ജയിലിൽ പോയി കിടക്കേണ്ടി വരും. ഇവിടെ നിങ്ങളുടെ പേരിൽ ആർക്കും 307 വകുപ്പ് ഇല്ല. എല്ലാം ചെറിയ വകുപ്പുകളാണ് ചാർജ്ജ് ചെയ്തിരിക്കുന്നത്. എന്നുപറഞ്ഞാൽ ബോംബോ കല്ലേറോ ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നർത്ഥം. അങ്ങിവിടെ വെല്ലുവിളിച്ചു പറഞ്ഞു, നമുക്ക് പല ടി. വി. ചാനലുകളുടെ വീഡിയോ ക്ലിപ്പുകൾ കാണാമെന്ന്. മജിസ്ട്രേട്ടിന്റെ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ വന്ന് അവരാണ് മോബിനെ നിയന്ത്രിക്കാനും, കല്ലേറും ആക്രമണവും ഉണ്ടായപ്പോൾ ലാത്തിച്ചാർജ്ജിനും അടിക്കാനും നിർദ്ദേശം കൊടുത്തത് എന്നു പറഞ്ഞല്ലോ? അത് ഏത് വീഡിയോ ക്ലിപ്പിലാണുള്ളത്? ഈ പറഞ്ഞ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ പോലും അവിടെയില്ല. പോലീസുകാരല്ലാതെ നിങ്ങൾ പറഞ്ഞ ഒരുദ്യോഗസ്ഥനും ആ പരിസരത്തുപോലും ഇല്ല. ഇതിന്റെ വീഡിയോ ചിത്രം കാണിക്കാമോ? ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ഇതൊക്കെ നിങ്ങളുടെ സൗകര്യത്തിനുവേണ്ടി എഴുതി, നിയമസഭയിൽ വായിക്കുകയാണ് ചെയ്യുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായാലും ആദിവാസികളായാലും

വിദ്യാർത്ഥികളായാലും സ്ത്രീകളായാലും എം.എൽ.എ.-മാരായാലും എം. പി.-മാരായാലും ആരേയും തല്ലിച്ചതയ്ക്കുമെന്നൊരു നിലപാടുമായി എത്രകാലം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മുമ്പോട്ടു പോകാൻ കഴിയും? ഈ വിഷയത്തിൽ ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഇറങ്ങിപ്പോകുകയാണ്. ഈ നടപടി തുടരാൻ കൂട്ടു നിൽക്കരുത്. ബഹുമാനപ്പെട്ട സ്പീക്കർ ഇവരെ പോയി കണ്ട് കാര്യങ്ങൾ മനസ്സിലാക്കി അങ്ങുകൂടി ഈ പ്രശ്നത്തിൽ ഇടപെടണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കു ചേരുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു: സർ, ഇൻഡ്യൻ പാർലമെന്റിൽ കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി, പാർലമെന്റ് അംഗമായശേഷവും രാജ്യസഭാംഗമായ ശേഷവും, കേരളത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഏറ്റവും നന്നായി സംസാരിക്കുന്ന എം.പി. മാരിൽ ഒരാളാണ് ശ്രീ. പ്രേമചന്ദ്രൻ. ഡൽഹിയിൽ കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി ശ്രീ. പ്രേമചന്ദ്രൻ അനേകം സമരങ്ങൾ നടത്തിയിട്ടുണ്ട്. അവിടെയൊന്നും അദ്ദേഹത്തിന് മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കേണ്ടി വന്നിട്ടില്ല. ഇവിടെ അദ്ദേഹം അഖിലേന്ത്യാ പ്രസിഡന്റായ ഒരു കക്ഷിയുടെ സമരത്തെ അഭിവാദ്യം ചെയ്യാൻ വന്നപ്പോൾ കൈക്ക് മർദ്ദനമേറ്റ് എല്ല് പൊട്ടി ആശുപത്രിയിലാണ്. ഇവിടെയിരിക്കുന്ന ആർ.എസ്.പി.-യുടെ നിയമസഭാ കക്ഷി നേതാവായ ശ്രീ. എ. എ. അസീസ്, തന്റെ കക്ഷിയുടെ യുവജനവിഭാഗം ഒരു സമരം സെക്രട്ടേറിയറ്റിന് മുമ്പാകെ നടത്തിയപ്പോൾ ആ സമരത്തെ അഭിവാദ്യം ചെയ്യാനെത്തിയതാണ്. ശ്രീ. അസീസും പോലീസിന്റെ മർദ്ദനമേറ്റ് ഒരു ദിവസം ആശുപത്രിയിൽ കിടന്നു. എല്ല് പൊട്ടിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഡോക്ടറിൽ നിന്ന് ഇൻജക്ഷനും എടുത്ത് ഗുരുന്നും വാങ്ങി ആശുപത്രി വിട്ടു. അതുപോലെ കഴിഞ്ഞ മന്ത്രിസഭയിൽ അംഗമായിരുന്ന, നല്ല പ്രായമുള്ള ശ്രീ. വി. പി. രാമകൃഷ്ണപിള്ളയും ജാഥ ഉൽഘാടനം ചെയ്യാൻ എത്തിയതാണ്. അദ്ദേഹത്തേയും തല്ലി താഴെയിട്ടു. ജനപ്രതിനിധികളായ പ്രധാനപ്പെട്ടവരെല്ലാം മർദ്ദനമേറ്റ് ആശുപത്രിയിലാണ്. സഭയിലെ അംഗമായ ശ്രീ. കോവൂർ കുഞ്ഞുമോനുമുണ്ട്. അദ്ദേഹം കഴിഞ്ഞ സഭയിൽ വയറിന് സുഖമില്ലാത്തതുകാരണം കുറേ നാളുകൾ വന്നില്ലായിരുന്നു. അദ്ദേഹമടക്കമുള്ള ആളുകൾ മർദ്ദനമേറ്റ് ആശുപത്രിയിലാണ്. പാർലമെന്റംഗവും എം.എൽ.എ.-യുമൊക്കെ പോലീസിന്റെ മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കുകയാണ്. ഈ ഗവൺമെന്റ് ഇതിനെ സംബന്ധിച്ച് സാധാരണ പറയാറുള്ളതുപോലെ, അക്രമമുണ്ടായാൽ പോലീസ് നോക്കി നിൽക്കുകയില്ല, പോലീസ് ചെയ്തതിനെ അഭിനന്ദിക്കുന്നു എന്നാണോ പറയേണ്ടത്? അങ്ങനെയാണോ പറയേണ്ടത്? മന്ത്രിയായാലും എം.പി.-യായാലും എം.എൽ.എ.-മാരായാലും ഈ രാജ്യത്ത് സംരക്ഷിക്കപ്പെടുന്ന അല്ലെങ്കിൽ ശ്രദ്ധിക്കപ്പെടുന്ന ചില കീഴ്വഴക്കങ്ങൾ, ചില സംവിധാനങ്ങൾ ഉണ്ട്. അതുമുഴുവൻ തകർക്കപ്പെടുകയാണോ? അത് തകർക്കപ്പെട്ടാൽ ഈ രാജ്യത്ത് നിലനിൽപ്പുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ കഴിഞ്ഞ നാലുകൊല്ലം പോലീസിനെ ആക്രമിച്ചിട്ടാണോ ബഹുജനാഭിപ്രായമുണ്ടായത്? ഇവിടെ സംസ്ഥാനത്തിലെ പ്രതിപക്ഷ കക്ഷിയുടെ പ്രമുഖരായ നേതാക്കൾക്ക് പോലീസിന്റെ മർദ്ദനമേറ്റു. നൂറുകണക്കിന് വിദ്യാർത്ഥികൾ ലാത്തിത്തല്ലേറ്റ് ആശുപത്രികളിൽ കിടന്നു. ഇവിടെ പോലീസിന്റെ നേർക്ക് അക്രമം കാണിച്ചിട്ടല്ല. ഇവിടുത്തെ ക്രമസമാധാനം തകർത്തിട്ടല്ല, പൊതുമുതൽ നശിപ്പിച്ചിട്ടല്ല. പക്ഷേ ഈ നേതാക്കളുടെ നേർക്ക്, ജനപ്രതിനിധികളുടെ നേർക്ക് മർദ്ദനം ഉണ്ടായിട്ട്, ആ മർദ്ദനത്തെ സംബന്ധിച്ച്, നമ്മുടെ രാജ്യത്തിലെ എല്ലാ സംസ്ഥാനത്തും കേന്ദ്രത്തിലും ഇത്തരം സംഭവങ്ങളുണ്ടായിട്ടില്ലേ? അതിനെ സംബന്ധിച്ച് പരിശോധിച്ച് ആരാണോ അതുചെയ്തത് അവരുടെ പേരിൽ നടപടി സ്വീകരിക്കുമെന്നു പറയുന്ന ഒരു കീഴ്വഴക്കം ഉള്ളത് നമ്മുടെ നാട്ടിൽ ജനാധിപത്യ സംവിധാനമുണ്ടായിട്ടല്ലേ? ഈ നിയമസഭയിൽ അതുപോലും പാലിക്കാൻ, അതിനെ സംബന്ധിച്ച് ഒന്നും ഓർക്കാൻ സാധിക്കാതെ ആരെ മർദ്ദിച്ചാലും, നാളെ ഇവിടെ പാർലമെന്റിലെ മുഴുവൻ എം.പി.മാരും ഒരാവശ്യം ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനു മുമ്പാകെ വന്നാൽ അവരേയും തല്ലിച്ചതയ്ക്കുമെന്നുള്ള സമീപനമാണോ നമ്മൾ സ്വീകരിക്കേണ്ടത്? ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽ നിന്നും വാക്കൗട്ട് നടത്തി.)

ശ്രീ. എ. എ. അസീസ്: സർ, കഴിഞ്ഞ വെള്ളിയാഴ്ചയുണ്ടായ സംഭവം, യഥാർത്ഥത്തിൽ ആർ.വൈ.എഫ്.-ന്റെ നേതൃത്വത്തിലുള്ള പ്രകടനം സെക്രട്ടേറിയറ്റ് ഗേറ്റിലെത്തുമ്പോൾ ആ പ്രകടനത്തെ അഭിസംബോധന ചെയ്ത്, ആ സമരം ഉദ്ഘാടനം ചെയ്യാൻ ഉദ്ഘാടകനായി ശ്രീ. വി. പി. രാമകൃഷ്ണപിള്ളയെ വിളിക്കുന്ന സമയത്തുതന്നെയാണ് പോലീസ് മർദ്ദനം ആരംഭിച്ചത്. യാതൊരു പ്രകോപനവും ആ അവസരത്തിൽ ഉണ്ടായിട്ടില്ല. സമരം ഉദ്ഘാടനം ചെയ്യാൻ ഉദ്ഘാടകനെ വിളിക്കുന്ന സമയത്ത് യാതൊരു പ്രകോപനവുമില്ലാതെ പോലീസ് ആ സമരക്കാരെ അടിച്ചു തുരത്താൻവേണ്ടിയുള്ള ഒരു ശ്രമമാണ് നടത്തിയത്. അതിന്റെ ഫലമായി ശ്രീ. എൻ. കെ. പ്രേമചന്ദ്രനും ശ്രീ. കോവൂർ കുഞ്ഞുമോനും അടിയേറ്റ് അവർ രണ്ടാളുകളും നിലത്തുവീണു. അവർ നിലത്തുവീണപ്പോൾ അവരെ സംരക്ഷിക്കുവാൻ ഈ സമരക്കാർ അവരുടെ ചുറ്റും കൂടി. കൂടിയ അവസരത്തിൽ വീണ്ടും അവിടെയിട്ടു തല്ലി. ശ്രീ. എൻ. കെ. പ്രേമചന്ദ്രനേയും ശ്രീ. കോവൂർ കുഞ്ഞുമോനേയും അവർ നിലത്ത് കിടക്കുമ്പോൾ പട്ടിയെ തല്ലുന്നതുപോലെയാണ് ഈ പോലീസുകാർ ചവിട്ടുകയും അടിക്കുകയും ചെയ്തത്. അങ്ങനെ അവർ ചെയ്തതിന്റെ ഫലമായിട്ടാണ് മൂന്ന് ആളുകൾ, ഒരാളിന്റെ വളയെല്ല് പൊട്ടി, തിരുവനന്തപുരത്തുകാരനായ പോൾ എന്ന മറ്റൊരു യുവാവ് ഇന്ന് എസ്.യു.ടി.യിലെ ഐ.സി.യു.വിൽ ബോധം തെളിയാതെ കിടക്കുകയാണ്.

മി. സ്പീക്കർ: അതൊക്കെ പറഞ്ഞതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ചുരുക്കിയാണ് പറയുന്നത്. ഞാൻ ഈ സംഭവത്തിൽ ബന്ധപ്പെട്ട ഒരാളല്ലേ? എനിക്ക് ഇത് പറയാനുള്ള അവസരമെങ്കിലും തരണ്ടേ? മെഡിക്കൽകോളേജ് ഹോസ്പിറ്റലിൽ നിന്നും പോൾ എന്നുപറയുന്ന യുവാവിനെ എസ്.യു.ടി.യിലേക്ക് റഫർ ചെയ്ത് അവിടുത്തെ ഐ.സി.യു.വിൽ ഇന്നും ബോധം തെളിയാതെ കിടക്കുകയാണ്. ഇന്നലെ രാത്രിവരെ ബോധം തെളിഞ്ഞിട്ടില്ല. തലയ്ക്കേറ്റ അടിയാണ്, തല പൊട്ടാതിരുന്നതുമൂലം കണ്ണുതുറക്കാൻ നിർവ്വാഹമില്ല. രണ്ടാളുകളിൽ ഒരാളിന്റെ തലപൊട്ടി. മറ്റൊരാളിന്റെ വളയെല്ലൊടിഞ്ഞു. നാലുപേർ മാരകമായ പരിക്കുകളോടുകൂടി എസ്.യു.ടി.യിലും ശ്രീ. എൻ. കെ. പ്രേമചന്ദ്രനും അതുപോലെ ശ്രീ. കോവൂർ കുഞ്ഞുമോനുമടക്കം ബാക്കി 10-30 ആളുകൾ മെഡിക്കൽ കോളേജ് ആശുപത്രിയിലും കിടക്കുന്നു. ഈ ക്രൂരമായ മർദ്ദനത്തിന് യഥാർത്ഥത്തിൽ നേതൃത്വം നൽകിയത് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. മോഹനനാണ്. മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. മുഖ്യമന്ത്രിക്ക് മറ്റാരോ എഴുതിക്കൊടുക്കുകയാണ് ചെയ്തത്. അവിടെ വേറൊരു ഓഫീസറും ഇല്ലായിരുന്നു. ഈ അസിസ്റ്റന്റ് കമ്മിഷണർ ശ്രീ. മോഹനൻ എന്നേയും ശ്രീ. എൻ. കെ. പ്രേമചന്ദ്രനേയും അറിയുന്ന ആളാണ്. കൊല്ലത്ത് വെസ്റ്റ് പോലീസ് സ്റ്റേഷനിൽ സി. ഐ. ആയിരുന്ന ആളായിരുന്നു ഈ മോഹനൻ. അപ്പോൾ മനഃപ്പൂർവ്വം അദ്ദേഹം നിർദ്ദേശം കൊടുത്ത് ഞങ്ങളെ അകാരണമായി മർദ്ദിച്ചതാണ്. എന്നിട്ട് അതേ മോഹനൻ തന്നെയാണ് ഈ കൂട്ടംകൂടി നിൽക്കുന്ന ആളുകളോട് സമാധാനപരമായി പിരിഞ്ഞുപോകാൻ പറയണമെന്ന് എന്നോട് ആവശ്യപ്പെടുകയും ഞാൻ പിരിഞ്ഞുപോകാൻ ചെന്ന് സംസാരിക്കുന്ന സമയത്ത് പോലീസ് വീണ്ടും ലാത്തിച്ചാർജ് നടത്തുകയും എന്നെ വീണ്ടും മർദ്ദിക്കുകയും ചെയ്തത്. അതാണ് ഈ പത്രത്തിൽ വന്നത്, എന്നെ തടഞ്ഞുനിർത്തി മർദ്ദിക്കുന്നതാണ്. സമാധാനമായി പിരിഞ്ഞുപോകണമെന്നു പറയാൻ ഈ മോഹനൻ തന്നെ എന്നെ പറഞ്ഞയച്ചതാണ്. ഞാൻ സമാധാനപരമായി പിരിഞ്ഞുപോകണമെന്ന് സംസാരിച്ചുകൊണ്ടു നിൽക്കുമ്പോഴാണ് ഈ പോലീസുകാർ വീണ്ടും അതിക്രമം കാണിക്കുകയും എന്നെയുൾപ്പെടെ മർദ്ദിക്കുകയും ചെയ്തത്. എനിക്കേറ്റ മർദ്ദനത്തെ സംബന്ധിച്ച് ഞാൻ നേരത്തേ വിശദീകരിച്ചതാണ്. സാധാരണഗതിയിൽ ഇത്തരത്തിലൊരു സംഭവമുണ്ടായാൽ ആ സംഭവത്തെ ന്യായീകരിക്കുന്നതിനുവേണ്ടി പോലീസ് ഓഫീസർമാർക്ക് പരിക്കേറ്റുവെന്ന് എഴുതിവായിക്കും. ഏതു പോലീസ് ഓഫീസർക്കാണ് പരിക്കുപറ്റിയത്? പൊതുമുതൽ നശിപ്പിക്കുന്ന ഒരു നടപടിയുമുണ്ടായിട്ടില്ല. അങ്ങനെയാണെങ്കിൽ അതിനെതിരെ കേസെടുക്കുമായിരുന്നില്ലേ? അങ്ങനെ ഒരു കേസ് ഞങ്ങളുടെ പേരിലില്ല. പോലീസിനെ ആക്രമിച്ചു എന്നുവരുത്താൻവേണ്ടി നാലഞ്ച് പോലീസ് ഓഫീസർമാർക്ക് പരിക്കുപറ്റി എന്നാണ് പറയുന്നത്. ഒരാളിനുപോലും ഒരു പോറൽപോലും സംഭവിച്ചിട്ടില്ല. ഒരാൾപോലും ഹോസ്പിറ്റലിൽ പോയിട്ടില്ല. ഏതെങ്കിലും രേഖകൊണ്ടുവന്ന് കാണിച്ചിട്ടുണ്ടെങ്കിൽ അത് കളവാണ്, ശുദ്ധ കള്ളമാണ്. ഏതെങ്കിലും ഓഫീസർക്ക് ഒരു പോറൽപോലും ഏല്ക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ കേരളത്തിന്റെ മുഖ്യമന്ത്രി കൂടെക്കൂടെ ഈ പോലീസുകാർക്കും പോലീസ് ഉദ്യോഗസ്ഥന്മാർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നതിന്റെ ഫലമായിട്ടാണ് ഇന്ന് പോലീസുകാർ 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത്' എന്ന രീതിയിൽ പോകുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പോലീസ് ഉമ്മൻ ചാണ്ടി പറയുന്നതല്ല അനുസരിക്കുന്നത്. അവർ ഇന്നു ചെയ്യുന്നത് ..... (ബഹളം) ..... അടിയുടെ പാട് ഞാൻ നേരത്തേ കാണിച്ചതാണ് ..... (ബഹളം) .....

(ശ്രീ. എ. എ. അസീസിനു കിട്ടിയ അടിയുടെ പാട് കാണിക്കാനായി ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ പ്രതിപക്ഷ അംഗങ്ങൾ ഒന്നടങ്കം അദ്ദേഹത്തെ മുഖ്യമന്ത്രിയുടെ അടുത്തേക്ക് കൊണ്ടുപോയി.)

മി. സ്പീക്കർ: Please .....please.....ഇതൊന്നും ശരിയല്ല..... please go to your seat ..... please ..... (ബഹളം) ..... watch and ward, ... (ബഹളം) ഇതൊന്നും ശരിയല്ല ..... Mr. T. K. Devakumar, please go to your seat ..... no, no ..... please go to your seat ..... (ബഹളം) Mr. A. K. Balan, ... please ..... please.....സഭ തൽക്കാലം നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ രാവിലെ 10.30-ന് അല്പസമയത്തേക്ക് നിർത്തിവച്ചു.)

(ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ സഭ വീണ്ടും 10.56-ന് സമ്മേളിച്ചു.)

(സി) റൂളിംഗ്

മി. സ്പീക്കർ: ഗൗരവതരമായ ഒരു വിഷയമാണെന്ന് പറഞ്ഞ് ആവശ്യപ്പെട്ടതനുസരിച്ച് അടിയന്തിര പ്രമേയം അനുവദിച്ചു; അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ചു. ബഹുമാന്യനായ നമ്മുടെ മെമ്പർ, അദ്ദേഹത്തിന് ഒരു പേഴ്സണൽ എക്സ്പ്ലനേഷന് സമയം അനുവദിച്ചു. ഓരോരുത്തരും ഇന്ന വിധം സംസാരിക്കണമെന്നോ ഇന്ന ഭാഷയും ശൈലിയും ഉപയോഗിക്കണമെന്നോ പറയാൻ ചെയറിനു കഴിയില്ല. ഓരോരുത്തരും അവരവരുടെ നിലപാട് സ്വീകരിച്ചു. ചെയറിന് ഒരു കാര്യത്തിലും ആരേയും നിർബന്ധിക്കാൻ സാധിക്കില്ല. പക്ഷേ അതേ സമയത്ത് ഓരോ കക്ഷിനേതാക്കളും പ്രസംഗിക്കുന്നതിനിടയ്ക്ക് വാക്കൗട്ട് നടത്തി. വാക്കൗട്ട് നടത്തിയ ശ്രീ. എ. കെ. ബാലൻ ഇവിടെ പ്രവേശിച്ച് മറ്റുള്ള മെമ്പർമാരും ചേർന്ന് ബഹുമാനപ്പെട്ട എ. എ. അസീസിനെ കൊണ്ടുവന്ന് നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി മുഖ്യമന്ത്രിയുടെ അടുത്തു വന്ന് ഒരു രംഗം സൃഷ്ടിച്ചത് വളരെ ദൗർഭാഗ്യകരമാണ്. ചെയറിനെ സംബന്ധിച്ചിടത്തോളം റാഫ് ആന്റ് വാർഡിനെ ഇടപെടുത്തിയാൽ അപകടം, ഇടപെടുത്തിയില്ലെങ്കിൽ അപകടം. എന്തെങ്കിലും അസുഖകരമായ അന്തരീക്ഷം ഉണ്ടായാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്ത്, അതും ഗൗരവതരമാണ്. അതുകൊണ്ടാണ് തൽക്കാലം സഭ നിർത്തി വച്ചത്. ജനാധിപത്യ രീതിയിൽ ഏത് ഇഷ്യൂസിലും വിയോജിക്കാനും നിയമാനുസൃതമായി പ്രതിഷേധിക്കുവാനുമുള്ള അവകാശം അംഗങ്ങൾക്കുണ്ട്. പക്ഷേ നാടകീയ രംഗങ്ങൾ സൃഷ്ടിക്കാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം രംഗങ്ങൾ കൊണ്ടുവരുന്നത് വളരെ തെറ്റാണ്. ശ്രീ. എ. കെ. ബാലൻ പാർലമെന്ററിയനായിരുന്ന ഒരാളാണ്. പരിണിതപ്രജ്ഞനാണ്. ഇക്കാര്യത്തിൽ എല്ലാ അംഗങ്ങളും ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. പ്രതിപക്ഷനേതാക്കളുമായി ഞാൻ സംസാരിച്ചു. അവർക്ക് ഈ ഇഷ്യൂസിനെപ്പറ്റി അഭിപ്രായങ്ങളുണ്ട്. എനിക്ക് അതിൽ ആരേയും ഇന്ന പൊസിഷൻ വേണം, ഇന്ന ഡിമാന്റ് അംഗീകരിക്കണം എന്ന് കംപെൽ ചെയ്യാൻ നിവർത്തിയില്ല. കക്ഷിനേതാക്കൾ പരസ്പരം ചർച്ച ചെയ്ത് സമവായത്തിൽ എത്തുക എന്നല്ലാതെ മറ്റു കാര്യങ്ങളിലൊന്നും ചെയറിനു ഇടപെടാൻ സാധിക്കില്ല. അതുകൊണ്ട് എനിക്ക് എല്ലാ നിയമസഭാസാമാജികരോടും പറയാനുള്ളത് രാഷ്ട്രീയ ഇഷ്യൂസിൽ വിയോജിപ്പ് പ്രകടിപ്പിക്കാനും പ്രതിഷേധിക്കാനുമുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, നിയമസഭയ്ക്ക് അകത്ത് മാന്യമായി പെരുമാറി, നല്ല കീഴ്വഴക്കങ്ങൾ സൃഷ്ടിച്ച്, ഭംഗിയായി സഭ നടത്താൻ എല്ലാവരും സഹകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഇഷ്യൂ ഇവിടെ അവസാനിപ്പിക്കുകയാണ്. Mr. Azeez you can continue your speech.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ എന്റെ പ്രസംഗം തുടരുകയാണ്. അതുകൊണ്ട് ഈ സംഭവത്തെ സംബന്ധിച്ച്, ഈ സംഭവത്തിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥരെ സസ്പെന്റു ചെയ്തുകൊണ്ട്, ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. അതിനുവേണ്ടി സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നതാണ് എന്റെ ആവശ്യം. ഇതു പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസ് സഭ വിട്ടു പുറത്തുപോയി.)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ സഭയിൽ, ഇന്ന് ഇവിടെ പങ്കെടുക്കുന്ന ഒരു അംഗത്തിന്റെ, ശ്രീ. എ. എ. അസീസിനുണ്ടായ അനുഭവങ്ങൾ ഇവിടെ പറഞ്ഞു. ഈ സഭയുടെ ചരിത്രത്തിൽ ഇതിനുമുമ്പും ഇങ്ങനെ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ ഒരു നിയമസഭാ സാമാജികൻ തന്നെ അദ്ദേഹത്തിനുണ്ടായ ദുരന്ത അനുഭവങ്ങൾ ആവർത്തിച്ചു പറയുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരന്വേഷണം ഏർപ്പെടുത്തുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. എ. കെ. ആന്റണി ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ, ശ്രീ. ടി. ശിവദാസമേനോനുണ്ടായ സംഭവത്തെക്കുറിച്ച് അന്നു അന്വേഷിക്കണമെന്നു പറഞ്ഞു. അദ്ദേഹം ഈ സഭയിൽ ഇപ്പോഴത്തെ അംഗമല്ല എങ്കിലും അന്വേഷിക്കാമെന്ന് അദ്ദേഹം പറയുകയും അന്വേഷിക്കാനുള്ള നടപടികൾ ആ കാലഘട്ടത്തിൽ ആരംഭിക്കുകയും ചെയ്തു. ഞാൻ അതിന്റെ വിശദ വിവരങ്ങളിലേക്കു കടക്കുന്നില്ല. ഈ സഭയിലെ രണ്ടംഗങ്ങൾ പോലീസ് മർദ്ദനത്തിനു വിധേയരായി. മലയാള മനോരമ പത്രമാണ് എന്റെ മുമ്പിലുള്ളത്. (മലയാളമനോരമ പത്രം സഭയിൽ ഉയർത്തിക്കാട്ടി) ശ്രീ. കോവൂർ കുഞ്ഞുമോനേയും ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം. പി.-യേയും പോലീസ് മർദ്ദിക്കുന്ന ചിത്രമാണ് ഈ കാണുന്നത്. മലയാള മനോരമയുടെ ആദ്യത്തെ പേജിലുള്ള കളർ ഫോട്ടോയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

11.00 AM]

ആ പത്രത്തിൽ വളരെ വ്യക്തമായി നമുക്ക് കാണാം. എന്റെ കൈയിലിരിക്കുന്ന രണ്ടാമത്തെ പത്രം കേരള കൗമുദിയാണ്. ആ പത്രം നോക്കിയാൽ കാണാം ശ്രീ. എൻ. കെ പ്രേമചന്ദ്രനെ പോലീസ് സൂപ്രണ്ട് പിടിച്ചുവച്ചിരിക്കുന്നു. അദ്ദേഹത്തിന് നീങ്ങാൻ പോലും കഴിയാതെ അദ്ദേഹം കണ്ണടച്ച് നിൽക്കുന്നു. ഇതാണ് ആ പത്രത്തിന്റെ ആദ്യത്തെ പേജിൽ നമുക്ക് കാണാൻ കഴിയുന്നത്. മദ്ധ്യസ്ഥത പറയാൻ പോയ ശ്രീ. എ. എ. അസ്സീസിനെ പോലീസ് വളഞ്ഞുവച്ച് തല്ലുന്ന ചിത്രമാണ് ദേശാഭിമാനി പ്രസിദ്ധീകരിച്ചിരിക്കുന്നത്. പത്രമേതുമാകട്ടെ. ദൃശ്യമാദ്ധ്യമങ്ങളുടെ കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. ദൃശ്യമാദ്ധ്യമങ്ങളിലെല്ലാം നമ്മൾ കണ്ടതാണ്. ഏത് ദൃശ്യമാദ്ധ്യമത്തിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്ന് എനിക്കറിയില്ല. അദ്ദേഹം പറഞ്ഞത് കൈരളിയുടെ സാക്ഷിയെന്ന പരിപാടിയിലാണ് ഇത് വന്നതെന്നാണ്. കൈരളിയുടെ സാക്ഷിയിൽ പറയുന്ന കാര്യങ്ങളൊക്കെ അംഗീകരിക്കാമോ എന്നുള്ളത് ശ്രീ. എം. എം. ലോറൻസൻ പറയണം. സാക്ഷിയിൽ ഏറ്റവും കൂടുതൽ പിടിക്കുന്നത് അദ്ദേഹത്തെയാണ്. അതുകൊണ്ട് സാക്ഷി പരിപാടിയിലൊക്കെ വരുന്നത് ശരിയാണോ, അംഗീകരിക്കപ്പെട്ടതാണോയെന്ന് അദ്ദേഹം ഒരു സർട്ടിഫിക്കറ്റ് കൊടുക്കുന്നത് നന്നായിരിക്കും. ഏതായാലും നമ്മളൊക്കെ പത്രത്തിൽ വന്ന ചിത്രവും ദൃശ്യ മാദ്ധ്യമങ്ങളിൽ വന്ന ചിത്രവും കണ്ടതാണ്. നമ്മൾ രാജ്യസഭാംഗമായി തെരഞ്ഞെടുത്തുവിട്ട ശ്രീ. എൻ. കെ പ്രേമചന്ദ്രനേയും എം.എൽ.എ.-യായ ശ്രീ. കോവൂർ കുഞ്ഞുമോനേയും പോലീസ് മർദ്ദിച്ചുവെന്ന് ഉത്തരവാദപ്പെട്ടവർ പറയുമ്പോൾ സ്വാഭാവികമായും സഭ നിർത്തിവച്ച് ചർച്ച ചെയ്തില്ലെങ്കിൽ അത് മനസ്സിലാക്കാം. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അന്വേഷണം നടത്താമെന്ന് പറയേണ്ടതായിരുന്നു നല്ലതെന്നാണ് എന്റെ അഭിപ്രായം. നമ്മൾ പണ്ട് ഇതെല്ലാം പറഞ്ഞിട്ടുള്ള കാര്യമാണ്. ഇന്ന് അതൊന്നും വേണ്ട, അന്വേഷണം വേണ്ട എന്ന് പറയുന്നത് ശരിയല്ല. അവർ ഈ സഭയിലെ അംഗങ്ങളാണ്. ശ്രീ. കോവൂർ കുഞ്ഞുമോന് ഇന്ന് ഈ സഭയിൽ വരാനും കഴിഞ്ഞിട്ടില്ല. അവർ രണ്ടുപേരും ആശുപത്രിയിലാണ്. ശ്രീ. എ. എ. അസീസ് സഭയിൽ വന്നു, അദ്ദേഹത്തിന്റെ ശരീരത്തിലേറ്റ ലാത്തിയുടെ പാട് നമ്മളെയെല്ലാപേരേയും കാണിച്ചു. അത് നിയമസഭയുടെ ചരിത്രത്തിൽ നമ്മൾ വളരെ കാര്യമായി കാണേണ്ട ഒരു കാര്യമാണ്. ഈ സഭയിലെ അംഗങ്ങളെ പോലീസ് മർദ്ദിച്ചെന്ന് പറയുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കുകയില്ലെന്ന നിലപാടെടുക്കുന്നത് ജനാധിപത്യ സംവിധാനത്തിന് എതിരാണ്. ജനാധിപത്യത്തിൽ നിയമസഭാംഗങ്ങളേയും പാർലമെന്റ് അംഗങ്ങളേയും ഒരു സമരം നടക്കുന്ന സമയത്ത് അന്വേഷിച്ച് കണ്ടു പിടിച്ച് നീ എം.എൽ.എ. ആണെങ്കിൽ നിനക്ക് ഇതുംകൂടി ഇരിക്കട്ടെയെന്നുപറഞ്ഞ് തല്ലിയെന്ന് ഒരു എം.എൽ.എ. പറഞ്ഞാൽ ജനാധിപത്യ വ്യവസ്ഥിതിയിൽ ഇത് മുഖവിലയ്ക്ക് എടുത്തേ മതിയാകൂ എന്ന അഭിപ്രായമാണ് എനിക്കുള്ളത്. അത് മുഖവിലയ്ക്കെടുക്കണം. ശ്രീ. കോവൂർ കുഞ്ഞുമോൻ അങ്ങേക്ക് നൽകിയ കത്തിൽ പറഞ്ഞിരിക്കുന്നത് ഞാൻ എം.എൽ.എ. ആണെന്ന് പറഞ്ഞപ്പോൾ എന്നാൽ നിനക്ക് ഇതുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കട്ടെ എന്നു പറഞ്ഞ് തല്ലിയെന്നാണ്. ഒരു എം.എൽ.എ. ഇങ്ങനെ സ്പീക്കർക്ക് എഴുതിത്തന്നാൽ ഇതൊന്നും അന്വേഷിക്കേണ്ടതില്ലെന്നുള്ളതാണ് ഇപ്പോഴത്തെ ജനാധിപത്യമെങ്കിൽ ആ ജനാധിപത്യം നമ്മുടെ സംസ്ഥാനത്തിനും ഈ നിയമസഭയ്ക്കും അപമാനകരമാണ്; അപകടകരമാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. ഇവിടെ ചർച്ച ചെയ്താലും ഇല്ലെങ്കിലും ശരി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുതന്നെയാണ് നമ്മുടെ അഭിപ്രായം. ഇതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ മനോഭാവത്തിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ടി. എം. ജേക്കബ്: സർ, കഴിഞ്ഞ വെള്ളിയാഴ്ചയുണ്ടായ സംഭവം തികച്ചും നിർഭാഗ്യകരമാണ്. എം.എൽ.എ.യും എം.പി.യുമടക്കമുള്ള ആളുകൾക്ക് പരിക്കുപറ്റി മെഡിക്കൽകോളേജ് ആശുപത്രിയിൽ കിടക്കുന്നുവെന്ന് അറിഞ്ഞപ്പോൾ ഞാൻ അവിടെ പോയി. ഞാൻ ആ ഹോസ്പിറ്റലിൽ ഇരുന്നുകൊണ്ട് മൊബൈൽ ഫോണിൽ വിളിച്ച് അങ്ങയോട് സംസാരിച്ചു. ശ്രീ. കോവൂർ കുഞ്ഞുമോനും ശ്രീ. എൻ. കെ. പ്രേമചന്ദ്രനും ഉണ്ടായ അനുഭവത്തെക്കുറിച്ച് പറഞ്ഞത് അങ്ങ് ഓർക്കുന്നുണ്ടായിരിക്കും. ഒരുപാട് മുഖ്യമന്ത്രിമാർ മറുപടി പറയുന്നത് കേൾക്കാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. സാധാരണഗതിയിൽ എല്ലാ മുഖ്യമന്ത്രിമാരും പറയുന്ന ഒരു സംഗതി നിയമം കൈയിലെടുക്കാൻ ആരേയും അനുവദിക്കില്ല, നിയമവാഴ്ച ഇവിടെ ഉറപ്പാക്കും എന്നാണ്. അത് പറയാൻ എപ്പോഴും ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിമാർ ബാദ്ധ്യസ്ഥരാണ്. പക്ഷെ ശ്രീ. ഉമ്മൻ ചാണ്ടി കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി അനുവർത്തിച്ചു വരുന്ന ഒരു സമീപനം, ഞാൻ സന്തോഷത്തോടുകൂടിയല്ല ഇത് ചെയ്യുന്നത്. പക്ഷേ, പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെയും മറ്റുള്ളവർക്കെതിരെയും പോലീസ് എടുക്കുന്ന നടപടികളെ ഞാൻ അഭിനന്ദിക്കുന്നുവെന്നാണ്. അദ്ദേഹത്തിന്റെ അഭിനന്ദനമാണ് ഇന്ന് പോലീസിന്റെ ഈ തേർവാഴ്ചയ്ക്ക് ഇടനൽകിയിരിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ മോഹനൻ വളരെ കുപ്രസിദ്ധനായ ഒരു പോലീസ് ഉദ്യോഗസ്ഥനാണെന്നാണ് ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ ഉണ്ടായ സകല സംഭവങ്ങളിലും അദ്ദേഹമാണ് മുൻനിരയിൽ നിൽക്കുന്നത്. ഈ സംഭവത്തിലും അദ്ദേഹത്തിന്റെ പങ്ക് ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ നിർദ്ദേശമുണ്ടായിരുന്നെന്ന് പറഞ്ഞു. ഇതിനുമുൻപുള്ള ഒരു സമരത്തിലും എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിനെ മുൻപിൽ നിർത്തിയ കാര്യത്തെക്കുറിച്ച് പറഞ്ഞില്ല. ഇപ്പോൾ പറഞ്ഞു എ.ഡി.എം. ഉണ്ടായിരുന്നുവെന്ന്. എ.ഡി.എം.ഉം ആർ.ഡി.ഒ.യുമൊക്കെ രംഗത്തു വരുന്നത് എങ്ങനെയാണെന്ന് നമുക്കറിയാമല്ലോ. നമ്മൾ ഇതൊക്കെ കൈകാര്യം ചെയ്തതല്ലേ. അതുപോലെതന്നെ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരുക്കുപറ്റിയിട്ടുണ്ടെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ കളവ് പറയരുത്. ഒരു പോലീസ് ഉദ്യോഗസ്ഥനുപോലും പരിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറ്റിയിട്ടില്ല. അസിസ്റ്റന്റ് കമ്മീഷണർ മോഹനന് പരിക്കുപറ്റിയെന്ന് പറഞ്ഞത് സത്യത്തിൽ തെറ്റായ കാര്യമാണ്. ഇതൊക്കെ പറയാൻ കൊള്ളാവുന്ന കാര്യമല്ല. ഇതുസംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറിയാണ് ആവശ്യപ്പെട്ടത്. അസിസ്റ്റന്റ് കമ്മീഷണർ മോഹനൻ ഉൾപ്പെടെയുള്ള ആൾക്കാരെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള ജുഡീഷ്യൽ എൻക്വയറിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ജുഡീഷ്യൽ എൻക്വയറി നടത്തണം, സത്യം പുറത്തുവരട്ടെ. ആർ.വൈ.എഫ്.ന്റെ ഭാഗത്തുനിന്നാണോ തെറ്റ്, പോലീസിന്റെ ഭാഗത്തുനിന്നാണോ തെറ്റുണ്ടായതെന്ന് അന്വേഷണത്തിൽ വരും. നിയമസഭാ സാമാജികൻമാരെപ്പോലും തല്ലിയാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് പരിഗണനയിലെടുക്കില്ല, അന്വേഷിക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇനി അവശേഷിക്കുന്ന ഏഴെട്ട് മാസമാണ്. അതിൽക്കൂടുതലൊന്നും ശ്രീ. ഉമ്മൻ ചാണ്ടിക്കില്ലല്ലോ. അത്രയും കാലം അങ്ങ് ഈ കസേരയിലിരുന്ന് ഇങ്ങനെയൊക്കെ വിളിച്ചുകൂകും. ഇനി ഭരണത്തിലേക്ക് വരില്ലെന്നുള്ളതും മുഖ്യമന്ത്രിക്ക് അറിയാം. അതുകൊണ്ട് പോലീസിനെ കയറൂരിവിട്ട് ജനപ്രതിനിധികളെയും ജനങ്ങളെയും ഒതുക്കാനുള്ള നടപടി, പ്രത്യേകിച്ച് എം.എൽ.എ.മാരെ തല്ലിയ ഒരു കാര്യത്തിൽ ജുഡീഷ്യൽ അന്വേഷണമോ അല്ലെങ്കിൽ മറ്റേതെങ്കിലും അന്വേഷണമോ നടത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

(ഡി) ക്രമപ്രശ്നം

ശ്രീ. എം. എം. ഹസ്സൻ: അങ്ങയോട് എനിക്ക് വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ..... (ബഹളം) ..... അങ്ങ്തന്നെ ഇവിടെ സൂചിപ്പിച്ചു ..... (ബഹളം) ..... മുഖ്യമന്ത്രിയുടെ മുൻപിൽ വന്ന് ..... (ബഹളം) .....

(വാക്കൗട്ട് നടത്തി പുറത്തുപോയ അംഗങ്ങൾ വീണ്ടും സഭയിൽ വരാജരായി.)

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം, പ്ലീസ് ..... സീറ്റിൽപ്പോയി ഇരിക്കൂ .... (ബഹളം) ..... (ബഹളം) .....

ശ്രീ. എം. എം. ഹസ്സൻ: അങ്ങ് സൂചിപ്പിച്ചതുപോലെ ഈ സഭയുടെ ചരിത്രത്തിലാദ്യമായി മുഖ്യമന്ത്രിയുടെ മുൻപിൽ വന്ന് ഒരു നാടകീയമായ രംഗം സൃഷ്ടിച്ചത് അങ്ങ് മിതമായ വാക്കുകളിൽ അത് പറയുകയുണ്ടായി ..... (ബഹളം) ..... (ബഹളം) .....

മി. സ്പീക്കർ: എല്ലാപേരും സീറ്റുകളിൽ പോയി ഇരിക്കൂ ..... Please take your seat..... (ബഹളം) ..... (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: എനിക്ക് പറയാൻ അവസരം തരണം. സ്പീക്കർ അനുവദിച്ചതനുസരിച്ചാണ് ഞാൻ പറയുന്നത് (ബഹളം) ഇങ്ങനെ ശബ്ദമുണ്ടാക്കിയാൽ ഞാൻ എങ്ങനെ പറയും ..... (ബഹളം) ..... Please take your seat.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചട്ടം 313 എന്നു പറയുന്നത് അതല്ല, അത് സ്പീക്കർ നോക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: അങ്ങേക്ക് സമയം തരാം. ഒരാൾ ചെയറിന്റെ അനുവാദത്തോടുകൂടി സംസാരിച്ചുകൊണ്ടിരിക്കുകയല്ലേ? ദയവുചെയ്ത് എല്ലാപേരും നിയമം കയ്യിലെടുക്കരുത്.

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻപിൽ ഒരു മെമ്പർ വന്ന് ഇന്നു കാണിച്ച നാടകീയമായ രംഗം ഈ സഭയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തതാണ്. അങ്ങയുടെ റൂളിംഗിനെ പൂർണ്ണമായും അംഗീകരിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ, അങ്ങയോട് എനിക്ക് വിനീതമായ ഒരു അഭ്യർത്ഥനയുള്ളത് ഇത്തരം ഒരു നടപടി ഈ സഭയുടെ ഇതഃപര്യന്തമുള്ള പ്രവർത്തനത്തിന് കളങ്കമുണ്ടാക്കിയിരിക്കുകയാണ്. അത് ഇനി ആവർത്തിക്കാതിരിക്കണമെങ്കിൽ ആ ബഹുമാനപ്പെട്ട മെമ്പർക്ക് മാതൃകാപരമായ ഒരു താക്കീത് നൽകേണ്ടത് ആവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻപിൽ വന്ന് മുണ്ടുപൊക്കി കാണിക്കുക എന്നുപറയുന്നത് ഒരു മര്യാദയാണോ സർ? ശ്രീ. അസീസിനെപ്പോലെ ബഹുമാന്യനായ ഒരു മെമ്പർക്ക് പോലീസ് മർദ്ദനം ഏറ്റതിൽ ഞങ്ങൾക്ക് ഖേദമുണ്ട്. അദ്ദേഹത്തെ പോലീസ് മർദ്ദിച്ചതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. പക്ഷേ, അതിന് ഇതാണോ പരിഹാരം. റൂൾ 303 പ്രകാരം ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതിന് ഇത്രയും അസ്വസ്ഥത പ്രകടിപ്പിക്കുന്നത് എന്തിനാണ്? ഈ സഭയിലെ ഉത്തമമായ കീഴ്വഴക്കങ്ങൾ പാലിക്കാൻ അങ്ങ് പ്രകടിപ്പിച്ച ആ വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഞാൻ പറയുന്നു, ഇന്നത്തെ സഭാനടപടികളിൽനിന്നെങ്കിലും അദ്ദേഹത്തെ മാറ്റി നിർത്തണം. ഈ സഭയുടെ അന്തസ്സായ നടത്തിപ്പിന്, ഈ സഭയുടെ നല്ല കീഴ്വഴക്കങ്ങൾക്ക് അത് ആവശ്യമാണ്. ഈ അപേക്ഷ അങ്ങ് പരിഗണിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അങ്ങ് അനുവദിച്ചതുകൊണ്ട് ഞാൻ സംസാരിക്കുകയാണ്. ഞങ്ങൾ ചട്ടത്തിന് വിരുദ്ധമായിട്ടല്ല സംസാരിച്ചത്. ചട്ടം 313 ചട്ടങ്ങൾ സസ്പെൻഡ് ചെയ്യാനുള്ളതാണ് എന്ന് ചൂണ്ടിക്കാണിച്ചതാണ്. ശ്രീ. എ. കെ. ബാലനെ സസ്പെൻഡ് ചെയ്യണമെന്നു പറയുന്നത് ഏത് ചട്ടം അനുസരിച്ചാണ്? അതിന് അങ്ങയുടെ റൂളിംഗ് ആണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്തുകൊണ്ടാണ് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇപ്പോൾ ഇടപെട്ടിരിക്കുന്നത്. ചെയർ എടുത്ത തീരുമാനത്തെ ഭേദഗതി ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. എം. എം. ഹസ്സൻ ഇപ്പോൾ ഇടപെട്ടിരിക്കുന്നതുതന്നെ ഓർഡറിലല്ല. ഈ സഭയിൽ ഇതിനുമുൻപ് പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതൊന്നും ആവർത്തിക്കാൻ പാടില്ല എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങൾ ഇപ്പോൾ വെല്ലിൽത്തന്നെ ഇറങ്ങുന്നില്ല. ഇവിടെ ഉണ്ടായത്, ശ്രീ. അസീസിന് ഉന്തും തള്ളിലുമാണ് പരിക്ക് പറ്റിയത് എന്ന് പറഞ്ഞപ്പോഴാണ് മുഖ്യമന്ത്രിയെ കാണിക്കാൻവേണ്ടി ആ സഖാവ് അങ്ങോട്ടു പോയത്. വേറെ യാതൊരു സംഭവവും ഉണ്ടായിട്ടില്ല. ശ്രീ. എം. എം. ഹസ്സൻ ഉദ്ദേശിക്കുന്നതുപോലെ നടപടിയും കാര്യങ്ങളും എടുത്താൽ ഈ സഭ മര്യാദയ്ക്ക് നടക്കുകയില്ല എന്ന് ഹസ്സൻ മനസ്സിലാക്കണം.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉണ്ട്. റൂൾ 307, ഇവിടെ പല മെമ്പർമാരും സംസാരിക്കുമ്പോൾ മുഖ്യമന്ത്രി കള്ളം പറഞ്ഞു, കള്ളം പറഞ്ഞു എന്ന് ആവർത്തിച്ചു പറഞ്ഞു. 'കള്ളം' എന്ന് പറയുന്നത് അൺപാർലമെന്ററി ആണ്. ഈ വാചകം ആരും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഈ സഭയിൽത്തന്നെ കള്ളം പറഞ്ഞു എന്നത് പിൻവലിച്ച എത്രയോ പ്രൊസീഡിംഗ്സ് ഉണ്ട്. റൂൾ 307 വളരെ ക്ലിയർ ആണ്. അതുകൊണ്ട് അത് അങ്ങ് എക്സ്പഞ്ച് ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* സ്പീക്കർ സർ, വളരെ ദൗർഭാഗ്യകരമായിട്ടുള്ള സംഭവത്തെ സംബന്ധിച്ച് അങ്ങ് ഇപ്പോൾ ഇവിടെ ഒരു റൂളിംഗ് നൽകുകയുണ്ടായി. അതിന് ആധാരമായ പ്രശ്നം എന്നു പറയുന്നത്, എം.പി.യുടെയും രണ്ട് എം.എൽ.എ. മാരുടെയും നേരെ നടന്ന നീചമായ പോലീസ് ആക്രമണത്തെ സംബന്ധിച്ച് മിനിമം ആ അക്രമത്തിന് നേതൃത്വം കൊടുത്ത പോലീസ് ആഫീസറെ സസ്പെൻഡ് ചെയ്തുകൊണ്ട് ഒരു അന്വേഷണം നടത്തണമെന്ന ആവശ്യം, ഞങ്ങൾ നിരന്തരമായി ഉന്നയിച്ച ആവശ്യം എന്ന നിലയിലും പരിഗണന നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായില്ല. എപ്പോഴും പോലീസിനെ പ്രശംസിച്ചുകൊണ്ടിരിക്കുന്നത് സ്വയംരക്ഷയ്ക്കുവേണ്ടിയിട്ടുള്ള പ്രസംഗമാണെന്ന് എല്ലാവർക്കുമറിയാം. എങ്കിലും അങ്ങനെ പ്രസംഗിച്ച് നാട്ടിലെ ജനങ്ങളുടെയും ജനാധിപത്യ അവകാശങ്ങളുടെയും നേരെ ഈ തരത്തിൽ മൃഗീയമായ സമീപനം എടുത്തിരിക്കുന്നതുകൊണ്ട് ഞങ്ങൾ അവശേഷിച്ച ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിച്ച് ഇറങ്ങിപ്പോവുകയാണ്.

(ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി.)

GPM. 2/574/2012—29

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, അക്രമാസക്തമായ സമരത്തിൽ ഭാഗഭാക്കാകുന്നതും അക്രമാസക്തമായ സമരത്തിന് നേതൃത്വം കൊടുക്കുന്നതും ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം അവ ഭർത്സിക്കേണ്ടതാണ്. അങ്ങനെ നേതൃത്വം കൊടുക്കുകയും ഭാഗഭാക്കാകുകയും ചെയ്തതിനുശേഷം ഇവിടെ എം.എൽ.എ.മാർക്ക് പരിക്കുണ്ടായി എന്ന് നിരന്തരമായി പറയുകയും അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്യുന്നത് ശരിയായ ഒരു നടപടിയല്ല എന്ന് ഈ പറയുന്നവർതന്നെ മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സമരത്തിന് നേതൃത്വം കൊടുക്കുക, അക്രമാസക്തമായി പോലീസുമായിട്ട് ഉന്തും തള്ളും ഉണ്ടാക്കുക, അപ്പോൾ പോലീസ് എന്തെങ്കിലും ചെയ്ത് പരിക്ക് ഉണ്ടാക്കുക, ഉടനെ ഇവിടെ വന്ന് ബഹളം ഉണ്ടാക്കുക, ഇതൊക്കെ ജനാധിപത്യത്തിന് ഭൂഷണമല്ല. പോലീസിനെതിരെയും പറയാം. സമരത്തിനെതിരെയും പറയാം. അതുകൊണ്ട് ഈ വളർന്നുവരുന്ന തെറ്റായ പ്രവണത നാം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് എല്ലാ പാർട്ടികളുംകൂടി ഒന്നിച്ചിരുന്നുകൊണ്ട് ആലോചിക്കണം. നമുക്ക് ആലോചിക്കേണ്ട സമയമായിരിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ഈ സഭയിൽ നേരത്തെ ഒരു കീഴ്വഴക്കം ഉണ്ട്. 1987-91 ഭരണകാലത്ത് ഇന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവൻ അന്ന് എ. കെ. ജി. സെന്റർ ഹോസ്പിറ്റലിന്റെ തെരഞ്ഞെടുപ്പിൽ നടന്ന അനീതിയെക്കുറിച്ച് ഈ സഭയിൽ ഉന്നയിക്കുകയും അതിന്റെ ഷെയർ സർട്ടിഫിക്കറ്റ് നേരെ പോയി അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണന്റെ കയ്യിൽ ഏൽപ്പിക്കുകയും ചെയ്തു. അത് അദ്ദേഹത്തെ ആക്രമിക്കാൻ ചെന്നതാണെന്നു പറഞ്ഞ് ശ്രീ. എം. വി. രാഘവനെ ആക്രമിക്കുകയും അദ്ദേഹം ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ചെയ്തു. അന്ന് സ്പീക്കർ ഒരു തീരുമാനമെടുത്തു. സഭാ നേതാക്കന്മാരുമായി ഡിസ്കസ് ചെയ്തുകൊണ്ട് എടുത്ത തീരുമാനത്തിൽ മന്ത്രിയുടെ നേരെ പോയി ഈ കടലാസ് കൊടുത്തത് ശരിയായില്ല എന്നു പറഞ്ഞ് പരിക്കുപറ്റി അശുപത്രിയിൽ കിടക്കുന്ന ശ്രീ. എം. വി. രാഘവനെ അന്ന് സസ്പെന്റ് ചെയ്തു. അതാണ് ഈ സഭയുടെ കീഴ്വഴക്കം. ശ്രീ. രാഘവൻ അങ്ങോട്ട് ആക്രമണം നടത്തിയിട്ടില്ല. ശ്രീ. രാഘവനെ ഇങ്ങോട്ട് ആക്രമിക്കുകയായിരുന്നു. എന്നാലും ശ്രീ. രാഘവൻ സീറ്റിൽനിന്നും മന്ത്രിയുടെ നേരെ ചെന്ന് കടലാസ് നൽകി എന്നത് പ്രകോപനമാണ് എന്ന് പറഞ്ഞുകൊണ്ട് അന്ന് അദ്ദേഹത്തെ സസ്പെന്റ് ചെയ്തു. അതിന് തത്തുല്യമായ നടപടി ശ്രീ. എ. കെ. ബാലൻ ഇപ്പോൾ ഇവിടെ ചെയ്തു. അതാണ് ബഹുമാനപ്പെട്ട ഹസ്സൻ ഇപ്പോൾ ഇവിടെ ഉന്നയിച്ചത്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്. പി. ബാലൻ എം.എൽ.എ.യെ പോലീസ് ഒരു സത്യാഗ്രഹവേദിയിൽനിന്ന് പിടിച്ച് എസ്. പി. ഓഫീസിന്റെ പിറകിൽ കൊണ്ടുപോയി അദ്ദേഹത്തെ അടിച്ച് പരിക്കേൽപ്പിച്ചു, തൊമ്മൻ എന്നു പറഞ്ഞ ആളാണ് എന്നെ അടിച്ചത് എന്നും മാത്രമല്ല എന്റെ കൈ ഇനി ഒരുകാലത്തും പൂർവ്വസ്ഥിതിയിൽ ആവില്ല എന്നും ശ്രീ. ബാലൻ ഈ സഭയിൽ പറഞ്ഞു. ആ ബാലൻ മരിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

കൈ അതേപോലെതന്നെയായിരുന്നു. അതിൽ ഒരു അന്വേഷണം നടത്താൻ തയ്യാറായ പാരമ്പര്യം ഇവിടെ ഇല്ല. ഈ സഭയിൽ മന്ത്രിയായ ശ്രീ. കെ. സി. വേണുഗോപാൽ ആലപ്പുഴ പോലീസ് സ്റ്റേഷനിൽ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഒരു സംഭവം നടക്കുമ്പോൾ പോലീസ് സ്റ്റേഷനിലേക്ക് കയറിച്ചെന്നു. അദ്ദേഹത്തെ അവിടത്തെ എ.എസ്.പി.യും, പോലീസും ആ പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ച് അവശനാക്കി ആലപ്പുഴ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. അതിനെക്കുറിച്ച് ആറു പ്രാവശ്യം ഈ സഭയിൽ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞങ്ങൾ ഒരു അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടു. ഒന്നും ചെയ്ത പാരമ്പര്യം ഈ സഭയിൽ ഉണ്ടായിട്ടില്ല. അതേയവസരത്തിൽ ഒരു മെമ്പർ പോയി മന്ത്രിക്ക് നേരിട്ട് കത്ത് കൊടുത്തതിന് അദ്ദേഹത്തെ സസ്പെൻഡ് ചെയ്ത ചരിത്രമുള്ള ഒരു സഭയാണ് ഇത്. എന്നുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ന് സഭയിൽ നടന്ന കാര്യങ്ങളൊന്നും അത്ര ഭംഗിയുള്ള കാര്യങ്ങളല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കഴിഞ്ഞ് പ്രതിപക്ഷ നേതാവ് എഴുന്നേറ്റ് പ്രസംഗിച്ചപ്പോൾ ഉപയോഗിച്ച ഒരു പദപ്രയോഗത്തെക്കുറിച്ച് എനിക്ക് വല്ലാതെ തോന്നിയപ്പോൾത്തന്നെ ഞാൻ അങ്ങേക്ക് എഴുതിത്തന്നിരുന്നു. ഞാൻ ഒരു പ്രശ്നംകൂടി ഉന്നയിക്കുകയാണ്. പറഞ്ഞു പറഞ്ഞ് എവിടെയും എന്തും പറയാമെന്നുള്ള ഒരു നിലയിൽ ആയിരിക്കുകയാണ്. അതിനെത്തുടർന്ന് ഇറങ്ങിപ്പോയ ആളുകൾ ഓടിവന്ന് വേറൊരാളെ കൂട്ടിക്കൊണ്ട് അങ്ങോട്ട് പോകുകയാണ്, എന്നാൽ പിന്നെ ഒരാള് പോയാൽ പോരേ, എല്ലാവരും ആക്രോശിച്ച് അങ്ങ് ചെല്ലുകയാണ്. ഇതൊന്നും ഇതിനുമുമ്പ് നടന്നിട്ടില്ല. ഭരണപക്ഷം വളരെയധികം സംയമനം പാലിച്ചിട്ടുമുണ്ട്. എന്നുമാത്രമല്ല, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വളരെയധികം സംയമനം പാലിച്ചുകൊണ്ടുള്ള മറുപടിയല്ലേ? ഇപ്പോൾ സമരം ഇങ്ങോട്ട് വരുമ്പോഴേക്ക്, ഏറും കുത്തും അതുപോലെതന്നെ അക്രമം, ഇത്തരത്തിലുള്ള പ്രക്ഷോഭത്തിന്റെ തുടക്കം മുതൽത്തന്നെ പ്രശ്നം ഉണ്ടാക്കാനായിട്ടാണ്. ഇതിപ്പോൾ ആർക്കാ അറിഞ്ഞുകൂടാത്തത്? നാട്ടുകാർക്ക് മുഴുവൻ അറിയാം. പിന്നെ ഒരു നിസ്സഹായാവസ്ഥയിൽ ഉണ്ടാകുന്ന കാര്യങ്ങളാണ് അവിടെ നടക്കുന്നത് മുഴുവൻ. അതുകൊണ്ടുതന്നെ അതിനിടയിൽ എം.പി. മാർക്കും എം.എൽ.എ. മാർക്കും മർദ്ദനം ഏൽക്കുക എന്നു പറയുമ്പോൾ എല്ലാവർക്കും വിഷമം ഉണ്ട്. ഉണ്ടാകാൻ പാടില്ലാത്തതാണ്. പക്ഷേ, അതൊക്കെ വളരെ സംയമനം പാലിച്ച് നിയമപ്രകാരം ഒരു മുഖ്യമന്ത്രി പറയേണ്ട മറുപടിയേ പറഞ്ഞിട്ടുള്ളൂ. ക്ലീയറായിട്ട് പറഞ്ഞിട്ടുണ്ട്. അതിന് ഒരു തരം കയ്യേറാൻ പോകുന്നതുപോലെ, ഭരണകക്ഷി സംയമനം പാലിച്ചില്ലെങ്കിൽ ഇന്ന് എന്താ ഉണ്ടാകുക. ശ്രീ. എം.വി.ആർ.ന്റെ നേരെ വന്നപ്പോൾ ഉള്ള, അതേപോലെ ഭരണകക്ഷി ഇന്ന് ആയിരുന്നുവെങ്കിൽ എന്താ ഉണ്ടാകുക? അതുകൊണ്ട് ബഹുമാനപ്പെട്ട ഹസ്സൻ ഉന്നയിച്ച പ്രശ്നം ശരിയാണ്. കാരണം, ഇത് വളരെ കവിഞ്ഞ ഒരു വിഷയമായിപ്പോയി. അതുപോലെ ഞാൻ ഇന്നു രാവിലെ പറഞ്ഞ കാര്യം, രേഖകളിൽ അത് കിടക്കുന്നത് ശരിയല്ല, അത് നീക്കംചെയ്യണം എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ന് ഇവിടെ ഉണ്ടായ നിർഭാഗ്യകരമായ സംഭവങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞ അഭിപ്രായങ്ങൾ ഞാൻ പൂർണ്ണമായിട്ടും ഉൾക്കൊള്ളുന്നു. അത് ഈ സഭയ്ക്ക് ചേർന്നതല്ല എങ്കിൽപ്പോലും ചില സത്യങ്ങളും യാഥാർത്ഥ്യങ്ങളും ലോകത്തിന് മുഴുവൻ ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും എന്നാണ് എന്റെ വിശ്വാസം. ഈ സഭയിൽ ലോകം മുഴുവൻ അറിയപ്പെടുന്ന രീതിയിൽ മുഖ്യമന്ത്രിയായ എന്നോട് ചില ജനപ്രതിനിധികൾ ചെയ്തത് ഇതാണെങ്കിൽ, വഴിയിൽ നിൽക്കുന്ന ഏറ് വാങ്ങാൻ വിധിക്കപ്പെട്ട പോലീസുകാരോട് ഇവർ എന്തായിരിക്കും കാണിച്ചിരിക്കുക! ശ്രദ്ധ പിടിച്ചുപറ്റാൻ വേണ്ടി എന്തു നാടകീയതയും സൃഷ്ടിച്ച്, അതിനുവേണ്ട പ്രസിദ്ധി കിട്ടാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ, അതാണ് കഴിഞ്ഞ കുറേ ദിവസങ്ങളായി ഇവിടെ നടക്കുന്നത്. ആ ജനപ്രതിനിധികൾക്ക് പരിക്കുപറ്റിയതിൽ ഖേദമുണ്ട്. ഞാൻ അത് ഇവിടെ പ്രകടിപ്പിച്ചുകഴിഞ്ഞു. .ആ ജനപ്രതിനിധികൾ പോലീസിനോട് തട്ടിക്കയറുന്നതും പോലീസിന്റെ ബാരിക്കേഡ് തല്ലിത്തകർത്ത് അകത്തേക്കു കയറാൻ പോകുന്നതും ഒക്കെയുള്ള ഫോട്ടോകളൊക്കെ ഇവിടെ വന്നിട്ടുണ്ട്. അതും അറിഞ്ഞിട്ടുള്ളതാണ്. ഇത് ശരിയല്ല, ഈ പ്രതിനിധികൾക്ക് എല്ലാവിധത്തിലുള്ള മാന്യതയും അംഗീകാരവും ഈ ഗവൺമെന്റ് കൊടുക്കും. പക്ഷേ, അവർക്ക് നിയമം കൈയിലെടുക്കാൻ, അതല്ലെങ്കിൽ നിയമം നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ടവരുടെ അധികാരങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതിനുള്ള അവകാശങ്ങൾ നിഷേധിക്കുന്ന അവസരങ്ങൾ ഉണ്ടാക്കിയാൽ എന്തുചെയ്യാൻ പറ്റും. അതുകൊണ്ട് ഈ നടന്ന സംഭവം, ഇവിടെ നാടകീയത സൃഷ്ടിച്ച് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ആ ശ്രമങ്ങൾ ജനത്തിന് ഒന്ന് ബോദ്ധ്യപ്പെടത്തക്ക വിധത്തിൽ അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഇവിടെയുണ്ടായിട്ടുള്ളത്. ജനകീയസമരങ്ങളോട് അങ്ങേയറ്റം അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കും. പക്ഷേ, അക്രമ സംഭവങ്ങളെ കണ്ടില്ല എന്നു നടിക്കാൻ സാധിക്കില്ല. അതൊരു ജനാധിപത്യ വ്യവസ്ഥിതിയിലെ ഗവൺമെന്റിന്റെ പ്രാഥമികമായ ഉത്തരവാദിത്വമാണ്. അതിനോട് സഹകരിക്കണം എന്നാണ് ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചെയറിന്റെ വ്യൂ പറയേണ്ടത് ശരിയാണ്. ഇവിടെ ഓരോരുത്തരും, പ്രതിപക്ഷ നേതാവ് സംസാരിച്ചതിനെ സംബന്ധിച്ചും, ചില അംഗങ്ങൾ ഉപയോഗിച്ച പദപ്രയോഗങ്ങളെ സംബന്ധിച്ചും ചൂണ്ടിക്കാണിച്ചു. ഞാൻതന്നെ പലപ്പോഴും പറഞ്ഞു, ഓരോരുത്തരുടെയും സ്ഥാനത്തിനനുസരിച്ച മാന്യതയ്ക്ക് വില കൽപ്പിക്കേണ്ടതായിട്ടുണ്ട്. അത് അംഗമായാലും പ്രതിപക്ഷ നേതാവായാലും മന്ത്രിയായാലും ആരും ചെയ്യേണ്ടതാണ്. പക്ഷേ, അത് ചെയ്യേണ്ടത് അവരവരാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച രണ്ടുമൂന്ന് പദപ്രയോഗങ്ങൾ അൺപാർലമെന്ററി ആയിട്ടുള്ളത്, നമ്മുടെ മാന്യതയ്ക്ക് നിരക്കാത്ത പദങ്ങൾ പരിശോധിച്ച് രേഖകളിൽനിന്ന് നീക്കം ചെയ്യുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിലേക്ക് വന്ന കാര്യത്തെ സംബന്ധിച്ച് ഞാൻ ആ നടപടിയെ പേരുപറഞ്ഞുതന്നെ അപലപിച്ചു. മുമ്പിലുണ്ടായ രണ്ടുമൂന്നു സാഹചര്യങ്ങളെ സംബന്ധിച്ചും, മറ്റു കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചും ചൂണ്ടിക്കാണിച്ചു. ശിക്ഷയുടെ കാര്യത്തിൽ പ്രീസിഡന്റ് അത്ര വലിയ കാര്യമല്ല. ശിക്ഷ ഏതാണ് കൂടുതൽ ഫലപ്രദം എന്നത് ഓരോരുത്തരുടെ വ്യൂ അനുസരിച്ചാണ്. എന്റെ അഭിപ്രായത്തിൽ സ്വയം മനസ്സിലാക്കാൻ മാധ്യമങ്ങളും മറ്റു സംവിധാനങ്ങളുമൊക്കെയുള്ള ഇക്കാലത്ത് ഒരു പ്രത്യേക മെമ്പർ ചെയ്ത കാര്യത്തെ ചെയറിൽനിന്ന് അപലപിച്ചാൽ അതാണ് ജനമദ്ധ്യത്തിൽ ഏറ്റവും ഇഫക്ടീവായിട്ടുള്ള ഒരു ശിക്ഷ എന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ഞാൻ ഇതിനെ ലാഘവബുദ്ധിയോടുകൂടി കാണുന്നില്ല. തെറ്റായിട്ടുള്ള കാര്യമാണ്, അത് വന്ന സാഹചര്യവും പുറത്തുപോയതിനുശേഷം വീണ്ടും കൊണ്ടുവന്നതും ഒക്കെ വളരെ ശക്തമായി ഞാൻ നേരത്തെ അപലപിച്ചു. അത് ചെയ്ത ആളിനും മറ്റുള്ളവർക്കും വ്യക്തമായ ഒരു പുനർചിന്തനത്തിനുള്ള താക്കീതായിരിക്കട്ടെ ഇത് എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

[നോട്ടീസ് നൽകിയ അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.]

III. സബ്മിഷൻ

(1) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കരിമ്പുകൃഷിതോട്ടങ്ങളിൽ കണ്ടുവരുന്ന അജ്ഞാതരോഗം

ശ്രീ. എ. കെ. മണി: സർ, ദേവികുളം റേഞ്ചിൽപ്പെട്ട മറയൂർ, കാന്തല്ലൂർ എന്നീ മേഖലകളിൽ കരിമ്പുകൃഷിക്ക് വളരെ മോശമായ കണ്ടുപിടിക്കാൻ പറ്റാത്ത രോഗം ബാധിച്ചതിനാൽ കൃഷിക്കാർ വളരെ ബുദ്ധിമുട്ടിലും ദുഃഖത്തിലുമാണ്. ശർക്കരയ്ക്ക് വില കിട്ടുന്നില്ല. കൃഷിക്കാർ വളരെ ദുരിതമനുഭവിക്കുകയാണ്. ഞാൻ ഇന്നലെ ഈ മേഖലയിലൊക്കെ പോയി നോക്കിയപ്പോൾ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടിലാണ്, എന്തു ചെയ്യുമെന്നറിയാത്ത സാഹചര്യത്തിലാണ് ആ മേഖലയിലുള്ളവർ എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. കോയമ്പത്തൂരിൽനിന്നും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്നും ചില ഉദ്യോഗസ്ഥർ വന്ന് പരിശോധിച്ചുവെങ്കിലും അവർക്ക് രോഗത്തെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ചില കീടനാശിനികൾ ഉപയോഗിച്ചിട്ടും ഈ രോഗത്തിൽനിന്നും ഈ കൃഷിയെ രക്ഷപ്പെടുത്താൻ യാതൊരു സാദ്ധ്യതയും കാണുന്നില്ല. ഈ മേഖലയിൽ മൂവായിരം ഏക്കറോളം വരുന്ന കൃഷി നശിക്കുന്ന സാഹചര്യമാണുള്ളത്. ഈ രോഗം പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള മറ്റ് കൃഷിമേഖലകളിലേക്ക് ബാധിക്കാനിടയുണ്ട്. എത്രയും വേഗം ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതിനെപ്പറ്റി ആരായുകയും ഈ രോഗത്തിൽനിന്നും കരിമ്പുകൃഷിയെ രക്ഷപ്പെടുത്തുവാനും, കരിമ്പുകൃഷിക്കാരെ രക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം.